2025 FEBRUARY
20
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## സമൂഹമാധ്യമങ്ങളിൽ സ്ത്രീകൾ നേരിടുന്നത് വലിയ എതിർപ്പ്



**തിരുവനന്തപുരം:** ശബ്ദം ഉയർത്തുന്ന സ്ത്രീകൾക്കെതിരേ കുടുംബത്തിൽനിന്നും സമൂഹത്തിൽ നിന്നുമുണ്ടാകുന്ന എതിർപ്പുകളുടെ ആയിരം മടങ്ങാണ് സമൂഹമാധ്യമങ്ങളിൽ നിന്നുണ്ടാകുന്നതെന്ന് ദേശീയ വനിതാമാധ്യമപ്രവർത്തക കോൺക്ലേവിനോടനുബന്ധിച്ച് നടന്ന 'സമൂഹമാധ്യമങ്ങളിലെ സ്ത്രീ' എന്ന വിഷയത്തിലെ സെമിനാർ. സമൂഹത്തിന്റെ പരിച്ഛേദമാണ് സമൂഹമാധ്യമങ്ങളിലും കാണുന്നതെന്നും പുരുഷാധിപത്യസമൂഹം രൂപപ്പെടുത്തിയ പൊതുബോധത്തെ ഉടച്ചുവാർത്തുകൊണ്ടേ സമൂഹമാധ്യമങ്ങളിൽ ശുദ്ധീകരണം സാധ്യമാകൂ എന്നും സെമിനാറിൽ അഭിപ്രായമുയർന്നു. സൈബർ ആക്രമണങ്ങൾക്കെതിരേയുള്ള പരാതികളിൽ കൂടുതൽ വേഗത്തിലുള്ള പരിഹാരത്തിന് സർക്കാർ നടപടിയെടുക്കണമെന്നും ആവശ്യമുയർന്നു.

സമൂഹമാധ്യമങ്ങളിലെ അഭിപ്രായപ്രകടനങ്ങൾക്കെതിരേയുള്ള സംഘടിതമായ ബലാത്സംഗ ഭീഷണികൾക്കും ട്രോൾ ആർമികൾക്കും കോർപറേറ്റ് സ്വഭാവമാണുള്ളതെന്ന് എഴുത്തുകാരിയായ മീന കന്ദസാമി പറഞ്ഞു. ഇതിനെ പുരുഷത്വത്തിന്റെ ശക്തിപ്രകടനമായൊന്നും കാണേണ്ടതില്ല. സമൂഹമാധ്യമങ്ങളെ ആരാണ് നിയന്ത്രിക്കുന്നത് എന്നതാണ് ചിന്തിക്കേണ്ടതെന്നും മീന കന്ദസാമി പറഞ്ഞു. ഐ.ടി. ആക്ട് 66 എ വകുപ്പ് റദ്ദാക്കിയത് എന്തും വിളിച്ചുപറയാനുള്ള അവകാശമായി ആളുകൾ തെറ്റിദ്ധരിക്കുന്നുണ്ടെന്ന് വനിതാ കമ്മിഷൻ അധ്യക്ഷയായ പി. സതീദേവി ചൂണ്ടിക്കാട്ടി. മറ്റുള്ളവരുടെ മാനാഭിമാനത്തെപ്പോലും ബാധിക്കുന്ന തരത്തിലുള്ള അഭിപ്രായപ്രകടനങ്ങൾ ഉയർന്നുവരുന്നുണ്ട്. 66എ വകുപ്പ് ഭേദഗതികളോടെ നിലനിർത്താനായെങ്കിൽ ഓൺലൈൻ ആക്രമണങ്ങൾക്കെതിരേ നിയന്ത്രണങ്ങൾ സാധ്യമാകുമായിരുന്നു എന്നാണ് കരുതുന്നതെന്നും അവർ പറഞ്ഞു.ജനാതിപത്യ ഇടങ്ങളായാണ് സമൂഹമാധ്യമങ്ങൾ തുടക്കത്തിൽ കരുതപ്പെട്ടിരുന്നതെങ്കിൽ സംഘടിതമായ ആക്രമണങ്ങളുടെ വരവോടെ അത് മോശപ്പെട്ട ഇടമായി മാറിക്കൊണ്ടിരിക്കുകയാണെന്ന് ട്രൂകോപ്പി ഓൺലൈൻ മാസികയുടെ എഡിറ്റർ മനില സി. മോഹൻ ചൂണ്ടിക്കാട്ടി. 24 ന്യൂസ് അസോഷ്യേറ്റ് എഡിറ്റർ സ്മിത ഹരിദാസ്, മാതൃഭൂമി ദിനപത്രം ന്യൂസ് എഡിറ്റർ എൻ. സുസ്മിത, നിയമകാര്യ ലേഖികയായ ശബ്ന സിയാദ് തുടങ്ങിയവരും പങ്കെടുത്തു.സാംസ്കാരിക വകുപ്പ് ഡയറക്ടർ ദിവ്യ എസ് അയ്യർ മോഡറേറ്ററായിരുന്നു.

## ഡയറക്ട് സെല്ലിങ് കമ്പനികളെ നിയന്ത്രിക്കാൻ

# മാർഗ്ഗരേഖ



**തിരുവനന്തപുരം:** ഡയറക്ട് സെല്ലിങ് കമ്പനികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി മോണിറ്ററിങ് മെക്കാനിസത്തിന്റെ മാർഗ്ഗരേഖയുമായി സംസ്ഥാന സർക്കാർ. മാർഗ്ഗരേഖയുടെ പ്രകാശനം മന്ത്രി ജി. ആർ അനിലിന് നൽകിക്കൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു.വിപണിയിൽ സുതാര്യത ഉറപ്പാക്കുകയാണ് ഡയറക്ട് സെല്ലിങ് കമ്പനികളെ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖയിലൂടെ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സാങ്കേതിക വിദ്യയുടെ വികാസം വലിയതോതിൽ വർധിച്ചുവരുന്ന കാലമാണിത്. അതിന് അനുസരിച്ച് നവീന വാണിജ്യ സമ്പ്രദായങ്ങൾക്ക് പ്രാധാന്യം വർധിച്ചിട്ടുണ്ട്. മുമ്പ് വ്യാപാര സ്ഥാപനത്തിൽ നേരിട്ടെത്തി സാധനങ്ങൾ വാങ്ങുന്നു. ഇന്ന് ഉപഭോക്താവും വിപണിയും മാറിയിരിക്കുകയാണ്. ഒറ്റ ക്ലിക്കിൽ സാധനങ്ങൾ വീട്ടുപടിക്കൽ എത്തിച്ചേരും. വാങ്ങിയ സാധനങ്ങൾ വിറ്റത് ആരാണ്, ഏത് ഏജൻസിയാണെന്ന് അറിയാമെങ്കിലും സാധനം അയച്ചത് മറ്റെവിടെ നിന്നെങ്കിലുമാകാം. ഇത്തരത്തിലുള്ള വലിയ മാറ്റങ്ങൾ ഉണ്ടാകുന്നതുകൊണ്ട് തന്നെ ഉപഭോക്താക്കളുടെയും വ്യാപാരികളുടെയും ഉത്പാദകരുടെയും അവകാശങ്ങൾ ഉറപ്പാണ്ടത് പ്രധാനമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

രാജ്യത്തിന് തന്നെ മാതൃകയാകുന്ന വിധത്തിൽ സംസ്ഥാന സർക്കാർ നടത്തി വരുന്ന വിപണി ഇടപെടലുകളുടെ മറ്റൊരു ദൃഷ്ടാന്തമാണ് ഡയറക്ട് സെല്ലിംഗ് നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ. വിപണനക്കാരുടെ ശൃംഖല സൃഷ്ടിച്ച്, ഉത്പന്നങ്ങളും സേവനങ്ങളും നേരിട്ട് ഉപഭോക്താക്കളിൽ എത്തിക്കുന്ന രീതിയാണ് ഡയറക്റ്റ് സെല്ലിങ്. ഇതിന്റെ ഭാഗമായി നിരവധി അവസരങ്ങൾ ഉയർന്നുവരുന്നു. അതേസമയം ഇതിന്റെ പേരിൽ നിയമവിരുദ്ധപ്രവർത്തനങ്ങൾ വർധിക്കുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ മോണിറ്ററിങ് സെൽ രൂപീകരിക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന കമ്പനികളുടെയും ട്രേഡ് യൂണിയനുകളുടെയും അഭിപ്രായം ചോദിച്ചുകൊണ്ടാണ് മാർഗരേഖ തയ്യാറാക്കിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഡയറക്ട് സെല്ലിങ് കമ്പനികളുടെ എൻറോൾമെന്റിനായി തയ്യാറാക്കിയ വെബ്പോർട്ടലിന്റെ ഉദ്ഘാടനവും ഡയറക്ട് സെല്ലിങ് മേഖലയുമായി ബന്ധപ്പെടുന്ന ഉപഭോക്താക്കൾക്ക് ബോധവൽക്കരണം നൽകുന്നതിനുള്ള വീഡിയോകളുടെ പ്രകാശനാവും മുഖ്യമന്ത്രി നിർവഹിച്ചു. ഡയറക്ട് സെല്ലിംഗ് ഉൽപ്പന്നങ്ങളുടെ നിലവാരവും നിർമ്മാണ കമ്പനിയുടെ വിശ്വസ്തതയും പരിശോധിക്കാൻ ആധികാരികമായ മാർഗങ്ങൾ കുറവാണ്. ഇതിന് മാറ്റം വരുത്താനാണ് വെബ് പോർട്ടൽ നിർമിച്ചത്. വെബ് പോർട്ടൽ മുഖേന ഉപഭോക്താക്കൾക്ക് ഈ രംഗത്ത് പ്രവർത്തിക്കുന്ന അംഗീകൃത കമ്പനികൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കാൻ കഴിയുമെന്നും ഏതെങ്കിലും തരത്തിൽ വാണിജ്യ സ്ഥാപങ്ങൾക്കോ സംരംഭകർക്കോ തടയിടുന്നതല്ല ഇവയൊന്നുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

### സംസ്ഥാന റവന്യൂ അവാർഡുകൾ പ്രഖ്യാപിച്ചു;

## മികച്ച കളക്ടർ എൻ.എസ്.കെ ഉമേഷ്



**തിരുവനന്തപുരം:** റവന്യു വകുപ്പിന്റെയും സർവേ വകുപ്പിന്റെയും അവാർഡുകൾ പ്രഖ്യാപിച്ചു. റവന്യൂ അവാർഡ്സ് 2025 ൽ മികച്ച ജില്ലാ കളക്ടറായി എൻ എസ് കെ ഉമേഷ് (എറണാകുളം)നെ യും മികച്ച സബ് കളക്ടറായി കെ മീര (ഫോർട്ട് കൊച്ചി) യും തെരെഞ്ഞെടുക്കപ്പെട്ടു. തൃശൂർ കളക്ടറേറ്റ് മികച്ച കളക്ടറേറ്റിനുള്ള അവാർഡിനർഹമായി. ഫെബ്രുവരി 24 റവന്യൂ ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡ് വിതരണം ചെയ്യും.മികച്ച റവന്യൂ ഡിവിഷണൽ ഓഫീസർ വിനീത് ടി കെ (നെടുമങ്ങാട്),മികച്ച റവന്യൂ ഡിവിഷണൽ ഓഫീസ് ഫോർട്ട് കൊച്ചി, മികച്ച ഡെപ്യൂട്ടി കളക്ടർ (ജനറൽ),ദേവകി കെ (വയനാട്), അജേഷ് കെ (കോഴിക്കോട്) ,മികച്ച ഡെപ്യൂട്ടി കളക്ടർ (എൽ ആർ) ഡോ. എം. സി. റെജിൽ, പാലക്കാട്,മികച്ച ഡെപ്യൂട്ടി കളക്ടർ (ആർ ആർ) വി.ഇ അബ്ബാസ് എറണാകുളം,മികച്ച ഡെപ്യൂട്ടി കളക്ടർ (എൽ എ) ഡി അമൃതവല്ലി , തൃശൂർമികച്ച തഹസിൽദാർ (പ്രിൻസിപ്പൽ) സുനിത ജേക്കബ് (തൃശൂർ), ശ്രീജിത്ത് എസ് (കൊച്ചി), കെ.എം നാസർ (ചേർത്തല), മികച്ച താലൂക്ക് ഓഫീസ് തൊടുപുഴ,മികച്ച തഹസിൽദാർ (എൽ ആർ),സുനിൽകുമാർ കെ (മീനച്ചിൽ), എ എസ് ശ്രീകല(നെയ്യാറ്റിൻകര),മികച്ച തഹസിൽദാർ (എൽ ടി) അജയകുമാർ കെ (മഞ്ചേരി), വിജേഷ് എം (കൂത്തുപറമ്പ്),മികച്ച സ്പെഷ്യൽ തഹസിൽദാർ (ആർ ആർ) സി ഗീത (വടകര, കൊയിലാണ്ടി),മികച്ച സ്പെഷ്യൽ തഹസിൽദാർ (ലാൻഡ് അക്വസിഷൻ) ജയന്തി സി ആർ (തൃശൂർ), സൗമ്യ പി കെ (ആലപ്പുഴ),മികച്ച സ്പെഷ്യൽ തഹസിൽദാർ (എൽ എ എൻഎച്ച്) ദീപ പി വി (മലപ്പുറം)



# കുട്ടികളിലെ മുണ്ടിനീര്: ജാഗ്രത വേണമെന്ന് ആരോഗ്യവകുപ്പ്

കുട്ടികളിൽ മുണ്ടിനീര് കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. മുണ്ടിനീര് ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അധ്യാപകർ രക്ഷിതാക്കളെയും ആരോഗ്യപ്രവർത്തകരെയും വിവരമറിയിക്കാൻ ശ്രദ്ധിക്കണം. രോഗികളായ കുട്ടികളെ സ്കൂളിൽ വിടരുത്. കുട്ടികളിലാണ് രോഗം കൂടുതൽ കണ്ടുവരുന്നതെങ്കിലും മുതിർന്നവരെയും ബാധിക്കാറുണ്ട്. അസുഖ ബാധിതർ പൂർണമായും രോഗം ഭേദമാകുന്നത് വരെ വീട്ടിൽ വിശ്രമിക്കണം. മറ്റുള്ളവരുമായുള്ള സമ്പർക്കം ഒഴിവാക്കുക. പനി പോലെയുള്ള രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ കുടിവെള്ളം പങ്കിടാൻ അനുവദിക്കരുതെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.



പാരമിക്സോ വൈറസ് രോഗാണുവിലൂടെയാണ് മുണ്ടിനീര് പകരുന്നത്. വായുവിലൂടെ പകരുന്ന രോഗം ഉമിനീർ ഗ്രന്ഥികളെയാണ് പ്രധാനമായും ബാധിക്കുന്നത്. രോഗം ബാധിച്ചവരിൽ അണുബാധ ഉണ്ടായി ഗ്രന്ഥികളിൽ വീക്കം കണ്ടുതുടങ്ങുന്നതിനു തൊട്ടുമുമ്പും വീക്കം കണ്ടു തുടങ്ങിയ ശേഷം നാലു മുതൽ ആറു ദിവസം വരെയുമാണ് രോഗം സാധാരണയായി പകരുന്നത്.

**ലക്ഷണങ്ങൾ ശ്രദ്ധിക്കുക**

ചെവിയുടെ താഴെ കവിളിന്റെ വശങ്ങളിലാണ് പ്രധാനമായും വീക്കം ഉണ്ടാകുന്നത്. ഇത് ചെവിക്ക് താഴെ മുഖത്തിന്റെ ഒരു വശത്തെയോ രണ്ടു വശങ്ങളെയുമോ ബാധിക്കും. നീരുള്ള ഭാഗത്ത് വേദന അനുഭവപ്പെട്ടേക്കാം. ചെറിയ പനിയും തലവേദനയുമാണ് പ്രാരംഭ ലക്ഷണങ്ങൾ. വായ തുറക്കുന്നതിനും ചവക്കുന്നതിനും വെള്ളമിറക്കുന്നതിനും പ്രയാസമനുഭവപ്പെടുന്നു. വിശപ്പില്ലായ്മയും ക്ഷീണവും, വേദനയും പേശിവേദനയുമാണ് മറ്റു ലക്ഷണങ്ങൾ. നീര്, തൊണ്ടവേദന എന്നൊക്കെ തെറ്റിദ്ധരിച്ച് ചികിത്സ സ്വീകരിക്കാൻ താമസിക്കരുത്. ലക്ഷണങ്ങൾ കണ്ടാൽ എത്രയും പെട്ടെന്ന് ആരോഗ്യപ്രവർത്തകരെ വിവരമറിയിക്കുക. ഡോക്ടറെ കണ്ട് ചികിത്സ തേടുക.

**രോഗപ്പകർച്ച ഇങ്ങനെ**

ഉമിനീര്, ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും പുറത്തുവരുന്ന സ്രവങ്ങൾ ഇവയുടെ കണികകൾ വായുവിൽ കലർന്നതുമൂലവും രോഗിയുമായി അടുത്ത് ഇടപഴകുന്നതിലൂടെയും രോഗി കൈകാര്യം ചെയ്യുന്ന വസ്തുക്കൾ ഉപയോഗിക്കുന്നതിലൂടെയും രോഗം മറ്റൊരാളിലേക്ക് പകരുന്നു. പ്രത്യേക ശ്രദ്ധ പുലർത്തിയില്ലെങ്കിൽ തലച്ചോർ, വൃഷണം, അണ്ഡാശയം, ആഗ്നേയ ഗ്രന്ഥി എന്നിവയ്ക്ക് അണുബാധ ഉണ്ടാകുകയും ചികിത്സിച്ചില്ലെങ്കിൽ കേൾവി തകരാറിനും, ഭാവിയിൽ പ്രത്യുൽപാദന തകരാറുകൾ ഉണ്ടാകുന്നതിനും സാധ്യത ഉണ്ട്. തലച്ചോറിനെ ബാധിച്ചാൽ ഗുരുതരമായ എൻസഫലൈറ്റിസ് എന്ന അവസ്ഥയും ഉണ്ടാകാനിടയുണ്ട്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

*രോഗി ഉപയോഗിച്ച വസ്തുക്കൾ അണുവിമുക്തമാക്കുക.

*രോഗികൾ ധാരാളം വെള്ളം കുടിക്കുക. പുളിപ്പുള്ള പഴച്ചാറുകൾ പോലെയുള്ള പാനീയങ്ങൾ കുടിക്കേണ്ടതില്ല.

*ചവയ്ക്കാൻ ബുദ്ധിമുട്ടില്ലാത്ത നേർത്ത ഭക്ഷണങ്ങൾ കഴിക്കുക.

*നീരിന്റെയും വേദനയുടെയും പ്രയാസം കുറയ്ക്കുന്നതിനായി ഇളം ചൂടുള്ള ഉപ്പുവെള്ളം കവിൾ ചെയ്യുക.

*ഐസ് വെക്കുന്നതും ചൂടുവെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ തുണി ഉപയോഗിച്ച് ചൂട് വെക്കുന്നതും നീരിനും വേദനയ്ക്കും ആശ്വാസം നൽകാൻ സഹായിക്കും.

സാധാരണയായി രണ്ട് ആഴ്ച കൊണ്ട് രോഗം ഭേദമാകാറുണ്ട്. എങ്കിലും രോഗത്തിന്റെ ഇൻകുബേഷൻ കാലയളവ് (രോഗികളുമായി സമ്പർക്കത്തിലായവർക്ക് രോഗ ലക്ഷണം പ്രകടമാകാൻ സാദ്ധ്യതയുള്ള സമയം) 12 മുതൽ 25 ദിവസം വരെയായതിനാൽ രോഗമുള്ളവരുമായി സമ്പർക്കത്തിലായവർ ശ്രദ്ധ പുലർത്തുന്നത് രോഗവ്യാപനം തടയുന്നതിന് സഹായകമാണെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു.

# ആഭ്യന്തര പരാതിപരിഹാര സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല: മാധ്യമ സെമിനാർ

**തിരുവനന്തപുരം:** തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനങ്ങൾ തടയുന്നതിനായി രൂപംനൽകിയ പോഷ് ആക്ട് പ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികളുടെ പ്രവർത്തനം ഭൂരിപക്ഷം മാധ്യമസ്ഥാപനങ്ങളിലും പരാജയമാണെന്ന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച ദേശീയ വനിതാ മാധ്യമ പ്രവർത്തക കോൺക്ലേവിന്റെ ഭാഗമായി നടന്ന 'മാധ്യമങ്ങളിലെ ലിംഗ സമത്വം' എന്ന വിഷയത്തിലെ സെമിനാർ ചൂണ്ടിക്കാട്ടി. സ്ഥാപനത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായി നിൽക്കാത്ത തരത്തിലുള്ള അംഗങ്ങളെ ഉൾപ്പെടുത്തിയാണ് പലയിടത്തും ഇത്തരം സമിതികൾ രൂപീകരിക്കുന്നത് എന്ന് പാനലിസ്റ്റുകൾ ചൂണ്ടിക്കാട്ടി. ഇത്തരത്തിലുള്ള ആഭ്യന്തരസമിതികൾ ഉണ്ടെന്ന് പല സ്ഥാപനങ്ങളിലേയും വനിതാമാധ്യമപ്രവർത്തകർക്ക് അറിയില്ലെന്നും ചർച്ച ചൂണ്ടിക്കാട്ടി. വനിതാമാധ്യമപ്രവർത്തകർക്ക് കൂടി സഹായകരമാകുന്ന രീതിയിൽ തൊഴിലെടുക്കുന്ന അമ്മമാർക്കായി രാത്രിയിലും പ്രവർത്തിക്കുന്ന ശിശുപരിപാലനകേന്ദ്രങ്ങൾ (ക്രഷ്) സ്ഥാപിക്കാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കണം. അവിവാഹിതരായ വനിതാമാധ്യമപ്രവർത്തകർക്ക് രാത്രിയിൽ ജോലി കഴിഞ്ഞു തങ്ങുന്നതിനുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ ഓരോ ജില്ലയിലും സ്ഥാപിക്കണമെന്നും സെമിനാറിൽ ആവശ്യമുയർന്നു.

മാധ്യമ സ്ഥാപനങ്ങളിലെ ഉന്നത സ്ഥാനങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യത്തിന്റെ വളർച്ചയുടെ വേഗത പോരാ എന്ന് എൻ.ഡി.ടി.വിയിലെ മുൻമാധ്യമപ്രവർത്തകയായ മായ ശർമ പറഞ്ഞു. നിലവിൽ ജേണലിസം സ്ഥാപനങ്ങളിൽ പഠിക്കാനെത്തുന്നവരിൽ ഭൂരിപക്ഷവും വനിതകളാണ്. ഭാവിയിൽ അത് കൂടുതൽ വനിതാപ്രാതിനിധ്യത്തിലേക്ക് നയിക്കുമെന്ന് കരുതുന്നതായും മായാ ശർമ പറഞ്ഞു. ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ ന്യൂസ് റൂമുകളിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല എന്നും അവർ ചൂണ്ടിക്കാട്ടി.

കേരളത്തിൽ വനിതാ മാധ്യമപ്രവർത്തകരുടെ എണ്ണത്തിൽ വലിയ വർധന ഉണ്ടായിട്ടുണ്ടെങ്കിലും തീരുമാനങ്ങളെടുക്കാൻ കഴിയുന്ന സ്ഥാനങ്ങളിൽ എത്ര വനിതാമാധ്യമപ്രവർത്തകർ ഉണ്ട് എന്നതാണ് ലിംഗസമത്വത്തിന്റെ ഗുണനിലവാരം നിർണയിക്കുന്നതെന്ന് മുതിർന്ന മാധ്യമപ്രവർത്തകയായ കെ. എം. ബീന ചൂണ്ടിക്കാട്ടി. ചില ദൃശ്യമാധ്യമങ്ങളുടെ തലപ്പത്ത് വനിതകൾ എത്തിയിട്ടുണ്ടെങ്കിലും കേരളത്തിൽ അച്ചടിമാധ്യമങ്ങളുടെ തലപ്പത്ത് വനിതാമാധ്യമപ്രവർത്തകർ ഇന്നുമില്ല എന്നും അവർ ചൂണ്ടിക്കാട്ടി.

തീരുമാനങ്ങളെടുക്കുന്ന സ്ഥാനങ്ങളിലേക്ക് എത്തുന്നതിൽ വനിതാ മാധ്യമപ്രവർത്തകർക്കായി ആരും കസേരകൾ ഒഴിച്ചിടില്ലെന്നും സ്വയം പരിശ്രമത്തിലൂടെ അത് കണ്ടെത്തണമെന്നും റിപ്പോർട്ടർ ടിവി കോഡിനേറ്റിങ് എഡിറ്ററായ സുജയ പാർവതി ചൂണ്ടിക്കാട്ടി.

ഭാവിതലമുറയ്ക്കുവേണ്ടി പറയേണ്ട കാര്യങ്ങൾ പറയേണ്ട സമയത്തു പറയുക തന്നെ വേണമെന്നു സിഎൻഎൻ ന്യൂസ് 18ലെ മാധ്യമപ്രവർത്തകയായ നീതു സരള രഘുകുമാർ പറഞ്ഞു. ഓൺലൈൻ പോർട്ടലായ ന്യൂസ്മിനിട്ട് ലൈംഗിക ന്യൂനപക്ഷങ്ങൾ അടക്കമുള്ളവരെ ന്യൂസ് റൂമുകളിൽ ഉൾപ്പെടുത്തുന്നതിന് സവിശേഷ ശ്രദ്ധ പുലർത്തിയിട്ടുണ്ടെന്ന് ചർച്ചയുടെ മോഡറേറ്ററായിരുന്ന ന്യൂസ് മിനിട്ട്സിലെ മാധ്യമപ്രവർത്തകയായ ഹരിതാ ജോൺ ചൂണ്ടിക്കാട്ടി.

# പരിശീലന പരിപാടി സംഘടിപ്പിച്ചു

**തിരുവനന്തപുരം:** ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തു നടപ്പാക്കി വരുന്ന 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' ക്യാമ്പയിന്റെ ഭാഗമായി തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷന്റെ പ്രായോഗിക പരിശീലന പരിപാടി തിരുവനന്തപുരം കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിൽ ആരംഭിച്ചു. രണ്ടു ദിവസത്തെ പരിശീലന പരിപാടിയുടെ ഉദ്ഘാടനം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ നിർവഹിച്ചു.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' ആപ്പ് മുഖേനയുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന പാരിസ്ഥിതിക സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനമായിരിക്കുമെന്ന് ഡോ. ടി.എൻ. സീമ അഭിപ്രായപ്പെട്ടു.

നവകേരളം കർമപദ്ധതി അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ സ്വാഗതം ആശംസിച്ചു. നവകേരളം കർമപദ്ധതി പ്രോഗ്രാം ഓഫിസർ, വി. രാജേന്ദ്രൻ നായർ, ഹരിതകേരളം മിഷൻ അസി. കോർഡിനേറ്റർ സഞ്ജീവ് എസ്.യു. എന്നിവർ ശുചിത്വം, പരിസ്ഥിതി സംരക്ഷണം എന്നിവ മുൻനിർത്തിയുള്ള ഹരിതകേരളം മിഷൻ, നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾ വിശദീകരിച്ചു. പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും വിവരശേഖരണത്തിനും നവീകരണ നിർദേശങ്ങൾ നൽകുന്നതിനും ഉപകാരപ്പെടുന്ന നൂതന മാർഗ്ഗങ്ങൾ ഒരുക്കുന്നുവെന്ന് നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ കാമ്പയിൻ അവതരിപ്പിച്ചു കൊണ്ട് വ്യക്തമാക്കി.

# അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ കാൾ സെന്റർ ഓപ്പറേറ്റർ തസ്തികയിലെ ഒരു ഒഴിവിലേക്ക് ദിവസവേതന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്കായി അപേക്ഷ ക്ഷണിച്ചു.

ബിരുദവും, ടെലഫോൺ ഓപ്പറേറ്റർ/ കാൾ സെന്റർ ഓപ്പറേറ്റർ ആയി 6 മാസത്തെ പ്രവൃത്തി പരിചയവും, പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ഓൺലൈൻ അപേക്ഷകളുടെ സൂക്ഷ്മ പരിശോധനാ ജോലികളിൽ 5 വർഷത്തെ പരിചയവും ഉള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.org വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകൾ ഫെബ്രുവരി 25 ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില), തമ്പാനൂർ തിരുവനന്തപുരം 1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം.

# ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം

**തിരുവനന്തപുരം:** പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ടൈപ്പിസ്റ്റ് തസ്തികയിലെ ഒരു ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തും. യോഗ്യത, മറ്റ് വിവരങ്ങൾ എന്നിവ വിശദമാക്കിക്കൊണ്ടുള്ള വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ സർവ്വീസിലോ സ്വയം ഭരണ സ്ഥാപനങ്ങളിലോ തതുല്യമായ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് പ്രസ്തുത ഒഴിവിലേക്ക് അപേക്ഷിക്കാം. പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തിയശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്യീകരിക്കും.

താൽപ്പര്യമുള്ള ജീവനക്കാർ കെ.എസ്.ആർ144 അനുസരിച്ചുള്ള പ്രഫോർമയും, ബയോഡേറ്റയും വകുപ്പ് മേധാവിയുടെ നോ ഒബ്ജഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ മേലധികാരികൾ മുഖേന ഫെബ്രുവരി 28 ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില), തമ്പാനൂർ തിരുവനന്തപുരം 1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം.



## ഓസ്ട്രാവ സർവകലാശാല പ്രതിനിധികൾ കുസാറ്റ് സന്ദർശിച്ചു

**കൊച്ചി:** ചെക്ക് റിപ്പബ്ലിക്കിലെ ഓസ്ട്രാവ സർവകലാശാലയിൽ നിന്നുള്ള ഒൻപത് പ്രതിനിധികൾ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) സന്ദർശിച്ചു. സയൻസ് ഫാക്കൽറ്റി ഡീൻ സുസാന വാക്ലാവിക്കോവയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളിലെ പ്രഗത്ഭരായ അധ്യാപകരടങ്ങിയ സംഘം കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ. എം ജൂനൈദ് ബുഷിരിയുമായി ചർച്ചകൾ നടത്തി.

അക്കാദമിക സഹകരണങ്ങളെ വികസിപ്പിക്കുന്നതിനുള്ള സാധ്യതകളാണ് കൂടിക്കാഴ്ചയുടെ മുഖ്യ പ്രമേയം. വിദ്യാർത്ഥി വിനിമയ പരിപാടികൾ, മൊബിലിറ്റി പരിപാടികൾ എന്നിവയോടൊപ്പം ഗവേഷണ സഹകരണത്തിനും നവീന അക്കാദമിക സംരംഭങ്ങൾക്കും അവസരങ്ങൾ കണ്ടെത്തേണ്ട ആവശ്യകതയെ കുറിച്ചും ചർച്ചകൾ നടത്തി.


## അന്തർ ദേശീയ വനിതാ ദിന പരിപാടികൾ സംഘടിപ്പിക്കുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ സ്ത്രീ പഠന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ അന്തർ ദേശീയ വനിതാ ദിനം 2025 നോട് അനുബന്ധിച്ച് വനിതാ ദിന പരിപാടികൾ സംഘടിപ്പിക്കുന്നു. സ്ത്രീ പഠന കേന്ദ്രത്തിൻറെ ഡയറക്ടർ ഡോ ആശ ഗോപാലകൃഷ്ണൻ, അസിസ്റ്റന്റ് ഡയറക്ടർ ഡോ സംഗീത കെ പ്രതാപ് എന്നിവരുടെ നേതൃത്വത്തിൽ ഫെബ്രുവരി 20, മാർച്ച് 04, 06 എന്നീ ദിനസങ്ങളിലായാണ് പരിപാടികൾ നടത്തുന്നത്.

സാമ്പത്തിക ഉപദേഷ്ടാവ് കെ കെ ജയകുമാറിൻറെ നേതൃത്വത്തിൽ ഫെബ്രുവരി 20 ന് 'സാമ്പത്തിക സ്വാതന്ത്ര്യം സ്ത്രീകൾക്ക്' എന്ന വിഷയത്തിൽ ക്ലാസുകൾ, മനശാസ്ത്ര വിദഗ്ദ്ധ ഡോ. ദയ പാസ്കലിന്റെ നേതൃത്വത്തിൽ മാർച്ച് 04 ന് കുസാറ്റിലെ വനിതാ അദ്ധ്യാപകരുടെ 'മീറ്റ് ആന്റ് ഗ്രീറ്റ്'സംഗമം, കുസാറ്റിലെ വനിതാ വിദ്യാർത്ഥികൾക്കായി മാർച്ച് 06 ന് 'നമുക്കു ചുറ്റുമുള്ള വനിതകൾ' എന്ന വിഷയത്തിൽ ക്വിസ് മത്സരം എന്നിവ സംഘടിപ്പിക്കും.

ഡോ. അനിത പി. മേരി മഞ്ജു എന്നിവർ പരിപാടികളുടെ ഏകോപനം നിർവഹിക്കും.

## നസ്രത്ത് എൽ.പി സ്കൂളിന്റെ അൻപതാം വാർഷികം നടത്തി



**ആലുവ :** ആലുവ നസ്രത്ത് എൽ.പി. സ്കൂളിന്റെ അൻപതാം വാർഷികം ഫിസാറ്റ് വൈസ് പ്രസിഡന്റ് പോൾ മുണ്ടാടൻ ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് പ്രൊവിൻസിന്റെ പ്രോവിൻഷ്യൽ ഫാദർ ജയ്സൺ കാളൻ, ക്ലാരപുരം എറണാകുളം പ്രോവിൻസിന്റെ എഡ്യൂക്കേഷൻ കൗൺസിലർ സിസ്റ്റർ ഡേയ്സ് ജോൺ , ഫാദർ സണ്ണി പള്ളിപ്പാട്ട് , പി ടി എ വൈസ് പ്രസിഡന്റ് ട്രീസ റോസ്, പൂർവ്വ വിദ്യാർത്ഥി പ്രതിനിധി ലോയ് പുതുശ്ശേരി എന്നിവർ പ്രസംഗിച്ചു. സ്കൂൾ മാനേജർ സാജു ചിറക്കൽ സ്വാഗതവും, സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ റിൻസിറ്റ നന്ദിയും രേഖപ്പെടുത്തി . അൻപതാം വാർഷികത്തിന്റെ ഭാഗമായി നടത്തിയ കുപ്പൺ നറുക്കെടുപ്പ് നടത്തി. തുടർന്ന് കുട്ടികളുടെ വിവിധ തരം കലാപരിപാടികളും ഉണ്ടായിരുന്നു.



# നെൽച്ചെടികൾ കരിഞ്ഞുണങ്ങുന്നു; ആശങ്കയിൽ കർഷകർ

**എടത്വ:** പുളിയിളക്കത്തിനു പിന്നാലെ ഓരു വെള്ളത്തിന്റെ ഭീഷണി കൂടിയായതോടെ നെൽച്ചെടികൾ കരിഞ്ഞുണങ്ങുന്നു. പല പാടത്തും ഈന്നു നിരക്കുന്ന സമയത്താണു നെൽച്ചെടികൾ കരിയുന്നത്. ആയിരക്കണക്കിനു തുക ചെലവഴിച്ച് കൃഷിചെയ്ത പാടശേഖരങ്ങളിൽ നെൽച്ചെടികൾ കരിഞ്ഞു തുടങ്ങിയതോടെ കർഷകർ ആശങ്കയിലാണ്. ഓരിന്റെ സാന്ദ്രത കുറയ്ക്കാൻ മണിയാർ ഡാം തുറന്നു വെള്ളം ഒഴുക്കി വിട്ടെന്നു പറയുന്നുണ്ടെങ്കിലും വെള്ളം ഒഴുകിയെത്തി ഉപ്പിന്റെ സാന്ദ്രത കുറയാൻ ദിവസങ്ങൾ എടുക്കും.

വെള്ളം ലഭിക്കാത്തതിനാൽ ഇപ്പോൾതന്നെ പല പാടശേഖരത്തും നെല്ല് വെങ്കതിരായി മാറിക്കഴിഞ്ഞു. കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ വൻതോതിൽ ചെളിക്കട്ടയുടെ പുളി ഇറങ്ങുന്ന സാഹചര്യമുണ്ടെന്ന് അറിഞ്ഞിട്ടും കൃഷി വകുപ്പ് അധികൃതർ നടപടി എടുത്തില്ല.

ഇതു കാരണം ഇക്കുറി വൻതോതിൽ വിളവു കുറയാനുള്ള സാധ്യത ഉണ്ടെന്നാണ് കർഷകർ പറയുന്നത്. ഇതിനിടയിൽ കടുത്ത ചൂടു കാരണം നെൽച്ചെടികൾ ഉണങ്ങി തുടങ്ങി.



# വ്യോമ, റെയിൽ, റോഡ്, ജല ഗതാഗതം സംഗമിക്കുന്ന വിമാനത്താവളമാകാൻ കൊച്ചി

**നെടുമ്പാശേരി:** കൊച്ചി എയർപോർട്ട് റെയിൽവേ സ്റ്റേഷനായി പരിഗണിക്കുന്നത് നേരത്തേ നിർദേശിക്കപ്പെട്ട സ്ഥലത്തു നിന്ന് 500 മീറ്ററോളം മാറി വിമാനത്താവളത്തിനടുത്ത്. 2010 ൽ കരിയാട്-മറ്റൂർ റോഡിലെ അകപ്പറമ്പ് റെയിൽവേ ഗേറ്റിനോടു ചേർന്നുള്ള സ്ഥലമാണ് ആദ്യം പരിഗണിച്ചത്. ഇപ്പോൾ പരിഗണിക്കുന്നത്, അതിൽ നിന്നു 500 മീറ്ററോളം ആലുവ ഭാഗത്തേയ്ക്കു മാറിയുള്ള സ്ഥലമാണ്. 2010ൽ ഇതിനുള്ള പദ്ധതി തയാറാക്കി നിർമാണത്തിന് അനുമതി ലഭിച്ചതാണ്. ശിലാസ്ഥാപനവും നടത്തിയെങ്കിലും റെയിൽവേ പദ്ധതി ഉപേക്ഷിച്ചു.

625 കിലോമീറ്റർ 6 വരിപ്പാതയിൽ അരൂർ പാലം മുതൽ ഇടപ്പള്ളിവരെ 15 കിലോമീറ്റർ 4 വരി മാത്രം; കൊച്ചിക്കു 'പണി' കിട്ടും

ഇവിടെ സ്റ്റേഷൻ നിർമിക്കുന്നതിനുള്ള സ്ഥലം റെയിൽവേയ്ക്ക് ഉണ്ട്. ഭാവി വികസനത്തിന്, ആവശ്യമെങ്കിൽ സിയാൽ ഭൂമി ലഭ്യമാണ്. സ്റ്റേഷനു കിഴക്കും പടിഞ്ഞാറും സിയാലിന്റെ സ്ഥലമാണ്.ട്രെയിനിൽ എത്തുന്നവർക്കു ടാക്സികളെ ആശ്രയിക്കേണ്ടെന്ന പ്രത്യേകതയും ഉണ്ട്. ആഭ്യന്തര, രാജ്യാന്തര ടൂറിസ്റ്റുകൾക്കു ചെലവു കുറഞ്ഞ യാത്രാ സൗകര്യമായി റെയിൽവേ മാറും. വിമാനത്താവളം കേന്ദ്രീകരിച്ച് കൂടുതൽ തൊഴിൽ, ബിസിനസ് അവസരങ്ങൾക്കും റെയിൽവേ സ്റ്റേഷൻ അവസരമൊരുക്കും.

വിമാനത്താവളത്തിലേക്കുള്ള കൊച്ചി ജലപാത കൂടി പൂർത്തിയാക്കിയാൽ വ്യോമ, റെയിൽ, റോഡ്, ജല ഗതാഗതം സംഗമിക്കുന്ന ലോകത്തെ തന്നെ ചുരുക്കം വിമാനത്താവളങ്ങളിലൊന്നായി കൊച്ചി മാറും. മെട്രോ റെയിലും വൈകാതെ കൊച്ചി വിമാനത്താവളത്തിലേക്കെത്തും.സിംഗപ്പൂരിലെ ചാങി, ലണ്ടനിലെ ഹീത്രോ തുടങ്ങിയ വിമാനത്താവളങ്ങളിലേക്കു നേരിട്ടു ട്രെയിനിൽ എത്താം. ഈ നിലവാരത്തിലേക്കു കൊച്ചിയും ഉയരുന്നത് കൂടുതൽ രാജ്യാന്തര വിമാന സർവീസുകൾ കൊച്ചിയിലേക്ക് എത്താനും വഴിയൊരുക്കും.

വിമാനത്താവളത്തിൽ പ്രവർത്തനമാരംഭിച്ച പുതിയ കാർഗോ വില്ലേജ് നിർദിഷ്ട റെയിൽവേ സ്റ്റേഷനിൽ നിന്ന് വിളിപ്പാടകലെ മാത്രമാണ്. കേരളത്തിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കാർഗോ റെയിൽ മാർഗം കുറഞ്ഞ ചെലവിൽ എത്തിച്ചു വിമാനങ്ങളിൽ കയറ്റി അയയ്ക്കാമെന്നതു കയറ്റിറക്കുമതിക്കാർക്ക് ഏറെ ഗുണം ചെയ്യും. വിമാനത്താവളത്തിലെ കാർഗോ കയറ്റുമതി വർധിക്കുന്നതോടെ പ്രത്യേക കാർഗോ വിമാനങ്ങൾ വരെ എത്തിച്ചേരാനുള്ള സാധ്യതകളാണൂ തുറക്കുന്നത്.

നിർദിഷ്ട കൊച്ചി എയർപോർട്ട് റെയിൽവേ സ്റ്റേഷന് ആവശ്യമെങ്കിൽ സ്ഥലം വിട്ടു നൽകുന്നതു പരിഗണിക്കുമെന്നു സിയാൽ. നിലവിൽ 2 പ്ലാറ്റ്ഫോമുകളാണു റെയിൽവേയുടെ പദ്ധതിയിലുള്ളത്. ഇതിനാവശ്യമായ സ്ഥലം റെയിൽവേയ്ക്കുണ്ട്. ലോറികളിൽ വിമാനത്താവളത്തിലെത്തുന്ന കാർഗോ, റെയിൽ മാർഗത്തിലേക്കു മാറ്റുന്നതോടെ ചെലവു കുറയും.

കേരളത്തിലെ വടക്കൻ ജില്ലകളിൽ നിന്ന് അയൽ സംസ്ഥാനങ്ങളിലേക്കു പോകുന്ന കാർഗോ കൊച്ചിയിലേക്കു വരാനും പുതിയ റെയിൽവേ സ്റ്റേഷൻ കാരണമാകും. റെയിൽവേ സ്റ്റേഷനിൽ നിന്നു ഇലക്ട്രിക് അല്ലെങ്കിൽ ഹൈഡ്രജൻ ബസ് സർവീസുകൾ വിമാനത്താവളത്തിലേക്ക് ഏർപ്പെടുത്തും. ബഗ്ഗി സർവീസും സ്കൈ വോക്കും പരിഗണനയിലുണ്ടെന്നു സിയാൽ അറിയിച്ചു.




# ബൈസന്റൈൻ ഫുട്ബോൾ ക്ലബ്ബിന്റെ സമ്മർ കോച്ചിങ് ക്യാമ്പ് ഏപ്രിൽ 1 മുതൽ

**കോലഞ്ചേരി:** ബൈസന്റൈൻ ഫുട്ബോൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന സമ്മർ കോച്ചിങ് ക്യാമ്പ് ഏപ്രിൽ 1 മുതൽ മെയ് 31 വരെ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജ് ഗ്രൗണ്ടിൽ നടക്കും. ഒന്നിട വിട്ട ദിവസങ്ങളിൽ രണ്ട് ബാച്ച് ആയിട്ടാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നതെന്ന് ഭാരവാഹികൾ പത്ര സമ്മേളനത്തിൽ അറിയിച്ചു. 8 മുതൽ 18 വയസ് വരെയുള്ളവരെ സബ്ബ് ജൂനിയർ, ജൂനിയർ, സീനിയർ ആയി തിരിച്ച് ഓരോ പ്രായത്തിലുള്ളവർക്കും സിലബസ് അധിഷ്ഠിതമായിട്ടുള്ള പരിശീലനമാണ് നൽകുന്നത്. ഏഷ്യൻ ഫുട്ബോൾ ഫെഡറേഷൻ, യൂണിയൻ ഓഫ് യൂറോപ്യൻ ഫുട്ബോൾ അസോസിയേഷൻ, ഓൾ ഇന്ത്യ ഫുട്ബോൾ അസോസിയേഷൻ ലൈസൻസുള്ള കോച്ചുമാർ പരിശീലനത്തിന് നേതൃത്വം നൽകും.

ന്യൂട്രീഷ്യൻ, ഫസ്റ്റ് എയ്ഡ് ക്ലാസുകളും, സ്പോർട്സ് ഇഞ്ചുറികളെ കുറിച്ചുള്ള ബോധവൽക്കരണവും ക്യാമ്പിൽ ഉണ്ടാകും. മികച്ച പ്രകടനം നടത്തുന്നവർക്ക് ജില്ലയിലെ ഏറ്റവും ഉയർന്ന ലീഗ് ആയ കൊച്ചിൻ പ്രീമിയർ ലീഗിൽ കളിക്കാനുള്ള അവസരം ലഭിക്കും. അർഹതയുള്ളവർക്ക് സ്പോർട്ട്സ് ക്വാട്ടയിൽ അഡ്മിഷനും നൽകുമെന്നും ഭാരവാഹികൾ അറിയിച്ചു.

ജില്ലയിലെ ഫുട്ബോളിന്റെ വികസനത്തിനായി 2004ൽ രൂപീകരിച്ച ക്ലബ്ബ് ഇതിനോടകം ഒട്ടേറെ സംസ്ഥാനജില്ലാ ഭാരവാഹികളെ വാർത്തെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഭാരവാഹികൾ പറഞ്ഞു. മുഖ്യ രക്ഷാധികാരി ഡോ. വിജു ജേക്കബ്ബ്, രക്ഷാധികാരി അഡ്വ. ജോൺ കെ. തോമസ്, ക്ലബ്ബ് പ്രസിഡന്റ് ബാബു വർഗീസ്, സെക്രട്ടറി പി.ഒ. ജോബിൻ, അനിബെൻ കുന്നത്ത്, കോച്ചുമാരായ പി.എ. അജ്മൽ, മനു വർഗീസ് എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# കാലഹരണപ്പെട്ടതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ ശേഖരിക്കാൻ എൻപ്രൗഡ്

**കോഴിക്കോട്:** കാലഹരണപ്പെട്ടതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് എൻപ്രൗഡ് (ന്യൂ പ്രോഗ്രാം ഫോർ റിമ്യൂവൽ ഓഫ് അൺയൂസ്ഡ് ഡ്രഗ്സ്) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. ഉപയോഗ ശൂന്യമായ മരുന്നുകൾ വീട്ടിൽ നിന്നും ശേഖരിച്ച് കൊണ്ടു പോകുകയോ നിശ്ചിത സ്ഥലങ്ങളിൽ നിക്ഷേപിക്കാൻ സൗകര്യമൊരുക്കുകയോ ചെയ്യും. രാജ്യത്ത് തന്നെ ആദ്യമായാണ് സർക്കാർ തലത്തിൽ ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കോഴിക്കോട് കോർപ്പറേഷനിലും, കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി പഞ്ചായത്തിലുമാണ് ഇത് ആദ്യമായി നടപ്പിലാക്കുന്നത്. തുടർന്ന് ഈ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കാലഹരണപെട്ടതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ അലക്ഷ്യമായി മണ്ണിലേക്കും ജലാശയങ്ങളിലേക്കും വലിച്ചെറിയാൻ പാടില്ല. ഇതിലൂടെ ആന്റിമൈക്രോബിയൽ പ്രതിരോധത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും പരിസ്ഥിതി മലിനീകരണത്തിനും കാരണമാകുന്നു. ഇത്തരം ഔഷധങ്ങൾ ശേഖരിക്കുവാനോ ശാസ്ത്രീയമായി സംസ്കരിക്കുവാനോ പര്യാപ്തമായ സംവിധാനങ്ങളൊന്നും നിലവിലില്ലാത്തതിനാലാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഇതേറ്റെടുത്ത് നടപ്പിലാക്കുന്നത്.

ഉപയോഗയോഗ്യമല്ലാത്ത മരുന്നുകളുടെ അശാസ്ത്രീയമായ നിർമാർജനം പരിസ്ഥിതി മലിനീകരണത്തിന് ഇടയാക്കുന്നുവെന്ന് നിരവധി പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ആക്ട് ആന്റ് റൂളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഉപയോഗശൂന്യമായ മരുന്നുകൾ നിർമാർജനം ചെയ്യുവാനാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് എൻപ്രൗഡ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

നിശ്ചിത മാസങ്ങളിൽ വീട്ടിലെത്തി ഉപയോഗശൂന്യമായ മരുന്നുകൾ ശേഖരിക്കുന്നതാണ്. കൂടാതെ പെർമനന്റ് കളക്ഷൻ സൈറ്റുകളിൽ സ്ഥാപിച്ചിട്ടുള്ള നീല നിറമുള്ള പെട്ടികളിലും പൊതുജനങ്ങൾക്ക് മരുന്നുകൾ നിക്ഷേപിക്കാവുന്നതാണ്. മൊത്ത, ചില്ലറ വ്യാപാര സ്ഥാപനങ്ങൾ, ക്ലിനിക്കുകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ഉപയോഗശൂന്യമായ മരുന്നുകൾ മുൻ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിലെ കളക്ഷൻ സെന്ററുകളിൽ എത്തിക്കേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങളുടേയും ഹരിതകർമ്മ സേനാംഗങ്ങളുടേയും സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഇപ്രകാരം ശേഖരിക്കുന്ന മരുന്നുകൾ കേന്ദ്രസംസ്ഥാന പരിസ്ഥിതി വകുപ്പുകളുടെ അംഗീകാരമുള്ള കേരള എൺവൈറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് മാലിന്യ സംസ്കരണ പ്ലാന്റിൽ ശാസ്ത്രീയമായി സംസ്കരിക്കും.

പദ്ധതിയുടെ ഉദ്ഘാടനം ഫെബ്രുവരി 22ന് കോഴിക്കോട് വച്ച് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും.

# നിർമ്മാണം പൂർത്തിയാക്കിയ 3 റോഡുകൾ നാടിനു സമർപ്പിച്ചു

**കൊച്ചി:** എറണാകുളം നിയോജകമണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മാണം പൂർത്തിയാക്കിയ കൊച്ചി കോർപ്പറേഷനിൽ ഉൾപ്പെട്ട കർഷക റോഡ്, ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ 30 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മാണം അംബേദ്ക്കർ റോഡ്, 56.30 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മാണം പൂർത്തിയാക്കിയ ചർച്ച് റോഡും അനുബന്ധ റോഡുകളും ഉൾപ്പടെയുള്ള റോഡുകൾ മന്ത്രി സജി ചെറിയാൻ ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്തു.ടി ജെ വിനോദ് എം.എൽ.എ യുടെ അധ്യക്ഷതയിൽ വടുതല ആംഗ്ലോ ഇൻഡ്യൻ സ്കൂളിൽ നടന്ന ചടങ്ങിൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേഷ്, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സരിത സനിൽ, ബ്ലോക്ക് മെമ്പർമാരായ രാജു അഴിക്കകത്ത്, സ്മിത സ്റ്റാൻലി, ഡിവിഷൻ കൗൺസിലർമാരായ മിന്നാ വിവേര, ഹെൻറി ഓസ്റ്റിൻ, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സ്റ്റാൻസ്ലാവോസ്, ഹാർബർ എഞ്ചിനീറിങ് അസിസ്റ്റന്റ് എഞ്ചിനീയർ നീനു പി.എൻ തുടങ്ങിയവർ പ്രസംഗിച്ചു.

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി: സംസ്ഥാന മിഷൻ ഓഫീസിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം

**തിരുവനന്തപുരം:** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിലേക്ക് ടെക്നിക്കൽ എക്സ്പെർട്ട് (അഗ്രികൾച്ചർ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു.

ഒരു ഒഴിവാണുള്ളത്. സംസ്ഥാന മണ്ണ് സംരക്ഷണ വകുപ്പ്, സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് എന്നിവയിൽ 59300120900 (പുതിയത്) എന്ന ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ഡയറക്ടർ/സമാന തസ്തികയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് അന്യത്ര സേവന വ്യവസ്ഥയിൽ അപേക്ഷിക്കാം. നീർത്തടാധിഷ്ഠിത പ്ലാനിംഗിൽ ചുരുങ്ങിയത് 5 വർഷത്തെ സജീവ പ്രവർത്തന പരിചയം ഉള്ള അപേക്ഷകർക്ക് മുൻഗണന ലഭിക്കും.

പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കാൻ താത്പര്യമുള്ള ഉദ്യോഗസ്ഥർ കേരള സർവ്വീസ് റൂൾസ് പാർട്ട് ക, റൂൾ 144 പ്രകാമുള്ള പത്രിക, വകുപ്പ് തലവൻ നൽകുന്ന നൊ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, ബയോഡാറ്റ എന്നിവ സഹിതം മാതൃസ്ഥാപനം മുഖാന്തിരം അപേക്ഷിക്കണം. അപേക്ഷകൾ മാർച്ച് 10ന് വൈകിട്ട് 5 ന് മുമ്പായി ലഭിക്കത്തക്ക വിധത്തിൽ 'മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ, 3 ാം നില, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം695033' എന്ന വിലാസത്തിൽ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് 04712313385, ടോൾ ഫ്രീ നമ്പർ 1800 425 1004 എന്ന നമ്പറുകളിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ പകൽ 10 മുതൽ വൈകിട്ട് 5 വരെ ബന്ധപ്പെടാം.

# നെല്ലിക്ക ക്യാമ്പയിൻ: കൃത്രിമ ചേരുവകളില്ലാത്ത പലഹാര വിതരണപദ്ധതിയുമായി ജില്ലാ ഭരണകൂടം

**മലപ്പുറം:** കൃത്രിമ നിറങ്ങളും ചേരുവകളും ഇല്ലാത്ത പലഹാരങ്ങൾ ഭക്ഷ്യ സ്ഥാപനങ്ങളിൽ നൽകാൻ പദ്ധതിയിട്ട് ജില്ലാ ഭരണകൂടം. ജീവതശൈലി രോഗങ്ങൾ തടയുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന 'നെല്ലിക്ക' പദ്ധതിയുടെ ഭാഗമായാണ് ഹോട്ടലുകളിലും തട്ടുകടകളിലും എണ്ണ, പഞ്ചസാര, ഉപ്പ് എന്നിവ കുറഞ്ഞതും കൃത്രിമ നിറം ചേർക്കാത്തതുമായ പലഹാരങ്ങൾ എത്തിച്ച് നൽകുന്നത്. കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ, കേരള കാറ്ററേഴ്സ് അസോസിയേഷൻ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുക. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ശുചിത്വമുള്ള അടുക്കളകൾ സ്ഥാപിച്ചാണ് പലഹാരം തയ്യാറാക്കുക.

പദ്ധതി വിശദീകരിച്ച് തയ്യാറാക്കിയ പ്രചാരണ നോട്ടീസ് ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന ചടങ്ങിൽ കായിക ന്യൂനപക്ഷക്ഷേമ മന്ത്രി വി അബ്ദുറഹിമാൻ പ്രകാശനം ചെയ്തു. ട്രോമകെയറിന്റെ സഹകരണത്തോടെയാണ് പ്രചാരണം നടത്തുന്നത്. പ്രകാശന ചടങ്ങിൽ ജില്ലാ കളക്ടർ വി ആർ വിനോദ്, സബ് കളക്ടർമാരായ ദിലീപ് കെ കൈനിക്കര, അപൂർവ ത്രിപാദി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ മുഹമ്മദ്, ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ പ്രതിനിധികളായ സി.എച്ച് അബ്ദുസമദ്, റഫീഖ് സാംകോ, ട്രോമാകെയർ പ്രതിനിധികളായ റഷീദ് പൊന്നേത്ത്, മജീദ് വാറങ്കോട്, രാമദാസ് തുടങ്ങിയവർ പങ്കെടുത്തു.

2024 മാർച്ചിലാണ് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ 'നെല്ലിക്ക' പദ്ധതി തുടങ്ങിയത്. ആരോഗ്യത്തിന് ഹാനികരമാകുന്ന കൃത്രിമ നിറങ്ങൾ, അമിതമായ അളവിലുള്ള ഓയിൽ, ഉപ്പ്, പഞ്ചസാര എന്നിവ കുറവുള്ള ഭക്ഷണങ്ങൾ കൂടി സമാന്തരമായി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യവുമായാണ് പദ്ധതി ആരംഭിച്ചത്.

പദ്ധതിക്ക് വലിയ പിന്തുണയാണ് പൊതുജനങ്ങളിൽ നിന്നും ഭക്ഷ്യ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചത്.

ഭക്ഷ്യ സുരക്ഷാ വകുപ്പ്, ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ഐ.എം.എ, കുടുംബശ്രീ, തദ്ദേശസ്ഥാപനങ്ങൾ, ഹോട്ടൽ ആൻഡ് റസ്റ്റോറന്റ്സ് അസോസിയേഷൻ, ബേക്കേഴ്സ് അസോസിയേഷൻ, കാറ്ററേഴ്സ് അസോസിയേഷൻ, ട്രോമാകെയർ, റസിഡന്റ്സ് അസോസിയേഷൻ, യുവജന സന്നദ്ധ സംഘടനകൾ, സാമൂഹ്യ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

# കൃഷിയിൽ പുതുവഴികൾ



കാലാവസ്ഥാമാറ്റം, ഉത്പാദനോപാധികളുടെ വിലക്കയറ്റം, കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ച, മതിയായ സർക്കാർ പിന്തുണയുടെ അഭാവം തുടങ്ങി നിരവധി കാരണങ്ങൾ കൊണ്ട് ഇന്ത്യയിലെ കാർഷിക മേഖല വർഷങ്ങളായി പ്രതിസന്ധിയിലാണ്.

ഇന്ത്യയിലെ ഒരു കർഷക കുടുംബത്തിൻറെ പ്രതിമാസ വരുമാനം കേവലം 13661 രൂപ മാത്രമാണെന്ന് അടുത്തയിടെ നബാർഡ് പ്രസിദ്ധീകരിച്ച നബാർഡ് ഓൾ ഇന്ത്യ റൂറൽ ഫിനാൽഷ്യൽ ഇൻക്ലൂഷൻ സർവേനാഫിസ് (2021-22) വ്യക്തമാക്കുന്നു.

ഇതിൽ 33 ശതമാനം മാത്രമാണു കൃഷിയിൽ നിന്നു ലഭിക്കുന്നത്. ഒരു കർഷക കുടുംബത്തിന് കൃഷിയിൽ നിന്ന് ഒരു മാസം ലഭിക്കുന്ന വരുമാനം 4500 രൂപ മാത്രം. നബാർഡ് സർവേ പ്രകാരം കേരളത്തിൽ 22757 രൂപയാണ് വിവിധ സ്രോതസുകളിൽ നിന്ന് ഒരു കർഷക കുടുംബത്തിനു ലഭിക്കുന്ന പ്രതിമാസ വരുമാനം.

അതായത് ഒരു ദിവസം 750 രൂപയ്ക്കടുത്തു മാത്രം. അതേസമയം കേരളത്തിൽ ഒരു കർഷക തൊഴിലാളിക്കു ലഭിക്കുന്ന ശരാശരി പ്രതിദിന വരുമാനം ഒരു കർഷക കുടുംബത്തിന് ഒരു ദിവസം ലഭിക്കുന്ന വരുമാനത്തിലും കൂടുതലാണ്.

അടുത്തയിടെ പ്രസിദ്ധീകരിച്ച റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 2023-24 ലെ സ്ഥിതി വിവരക്കണക്കുകൾ പ്രകാരം കേരളത്തിലെ ഒരു കർഷക തൊഴിലാളിക്ക് ഒരു ദിവസം ലഭിക്കുന്ന വേതനം 807 രൂപയാണ്.

കൂലിപ്പണിക്കു ലഭിക്കുന്നതിലും കുറഞ്ഞ വരുമാനം കൃഷിയിൽ നിന്നു ലഭിക്കുന്പോൾ കർഷക കുടുംബങ്ങളിലെ പുതുതലമുറ കൃഷി ഉപേക്ഷിക്കുന്നതിനു കാരണം തേടി മറ്റെങ്ങും തെരയണ്ടതില്ല.



അതേസമയം, ഈ പ്രതികൂല സാഹചര്യങ്ങൾ മറികടക്കാൻ കൃഷി വലിയ ദിശാമാറ്റത്തിൻറെ പാതയിലാണു താനും. ഏകവിള സന്പ്രദായത്തിൽ നിന്നും ബഹുവിള സന്പ്രദായത്തിലൂന്നിയ സംയോജിത കൃഷിയിലേക്കും പരന്പരാഗത വിളകളിൽ നിന്നും പുതുവിളകളിലേക്കുമുള്ള മാറ്റവും മൂല്യവർധനവും വിപണനത്തിലെ പുതിയ രീതികളുമെല്ലാം പ്രതിസന്ധി മറികടക്കാൻ കർഷകർക്കു മുന്നിലുള്ള പുതുവഴികളാണ്.

പരന്പരാഗത വിളകളുടെ കൃഷിയേക്കാൾ പഴംപച്ചക്കറി വിളകൾ അടങ്ങിയ ഹോർട്ടികൾച്ചർ മേഖല, മൃഗസംരക്ഷണം, മത്സ്യം വളർത്തൽ തുടങ്ങിയ മേഖലകളിലാണ് വളർച്ചാ നിരക്ക് കൂടുതൽ. സ്മാർട് ഫാമിംഗ് മുതൽ കാർബൺ ഫാമിംഗ് വരെയുള്ള പുത്തൻ സാധ്യതകളുടെ വാതിലുകളാണ് കർഷകർക്കു മുന്നിൽ തുറന്നിരിക്കുന്നത്.

നിർമിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പുകൾ മറ്റു സംസ്ഥാനങ്ങളിലെ കർഷകർക്ക് കൃഷിയിലും വിപണനത്തിലും കൂടുതൽ സ്മാർട്ടായ അവസരങ്ങൾ ഒരുക്കി നൽകുന്നുണ്ട്.

രാജ്യത്തെ ഗ്രാമങ്ങളിലെ 57 ശതമാനം കുടുംബങ്ങളും കർഷക കുടുംബങ്ങളാണെങ്കിൽ കേരളത്തിലെ ഗ്രാമീണ കുടുംബങ്ങളിൽ 18 ശതമാനം മാത്രമാണ് കർഷക കുടുംബങ്ങളെന്നാണ് നബാർഡ് സർവേയിലെ മറ്റൊരു കണ്ടെത്തൽ.

കേരളത്തിലെ കർഷകരുടെ വരുമാനം വർധിപ്പിക്കണമെങ്കിൽ നിരത്തിപ്പിടിച്ചുള്ള പ്രഖ്യാപനങ്ങളെക്കാൾ യഥാർഥ കർഷകരെ കൃത്യമായി കേന്ദ്രീകരിച്ചുള്ള കൃത്യമായ സാങ്കേതിക വിദ്യാ കൈമാറ്റം വേണ്ടി വരും.

ഭൂപരിധി നിയമത്തിൽ മാറ്റം വരുത്തി തോട്ടം മേഖലയിൽ ഫലവർഗ വിളകളുടെ കൃഷി പരിമിതമായ തോതിൽ അനുവദിക്കാനുള്ള നീക്കത്തിലാണ് സംസ്ഥാന സർക്കാർ. അടുത്ത കാലത്ത് കേരളത്തിൽ ചുവടുറപ്പിച്ചു കൊണ്ടിരിക്കുന്ന വിദേശ പഴങ്ങളുടെ വൻതോതിലുള്ള വ്യാപനത്തിന് ഇതു വഴി തുറക്കും.

റംബൂട്ടാൻ, മങ്കോസ്റ്റീൻ തോട്ടങ്ങൾ മുന്പുതന്നെ കേരളത്തിലുണ്ടായിരുന്നുവെങ്കിലും വ്യാപകമായത് അടുത്ത കാലത്താണ്. റബർ വെട്ടി മാറ്റി വിയറ്റ്നാം ഏർലി, ഡ്യാങ് സൂര്യ, ജെ 33 തുടങ്ങിയ വിദേശ പ്ലാവിനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന പ്ലാവിൻ തോട്ടങ്ങൾ കേരളത്തിൽ പലയിടത്തും കാണാം.

പ്ലാവിലും മറ്റു വിദേശ ഫലവർഗങ്ങളിലും അധികം പടരാത്ത മികച്ച ഇനങ്ങൾ അതിസാന്ദ്രതാ രീതിയിൽ (ഹൈ ഡെൻസിറ്റി) കൃഷി ചെയ്യുന്ന കർഷകരുമുണ്ട്. ചരൽ കലർന്ന മണ്ണിൽ പോലും കൃഷി ചെയ്യാവുന്ന ഡ്രാഗൺ ഫ്രൂട്ടാണ് മറ്റൊരു താരം.

ഡ്രാഗൺ ഫ്രൂട്ട് ഡ്രമ്മുകളിൽ മണ്ണില്ലാത്ത മാധ്യമത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാനുള്ള സാങ്കേതിക വിദ്യ കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. മണ്ണില്ലാത്ത മാധ്യമങ്ങളിൽ വളർത്തുന്പോൾ കീടരോഗ ബാധ കുറവായിരിക്കും.

ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും ഡ്രാഗൺ ഫ്രൂട്ട് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ തുടങ്ങിയതു കേരളത്തിന് വെല്ലുവിളിയാണ്. ഹൈറേഞ്ചുകളിലാണ് വാണിജ്യാടിസ്ഥാനത്തിലുള്ള അവ്ക്കാഡോ കൃഷി കൂടുതൽ വ്യാപകം.

ലിച്ചിയും ഹൈറേഞ്ചുകളിൽ നന്നായി വിളയും. ഗന്ധം ചിലർക്കു പിടിക്കില്ലെങ്കിലും തായ്‌ലൻഡ്, മലേഷ്യ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ദൂരിയൻ ഇന്ത്യൻ പട്ടണങ്ങളിലെ സൂപ്പർമാർക്കറ്റുകളിൽ നിറയുകയാണ്. ഇത് കേരളത്തിൽ വളർത്താൻ തികച്ചും അനുയോജ്യവുമാണ്.

കേരളത്തിൻറെ സമതലങ്ങളിലും ഹൈറേഞ്ചുകളിലും വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാവുന്ന മറ്റൊരു വിദേശ പഴവർഗമാണ് ലോങ്ങൻ. ആമസോണിൽ നിന്നെത്തിയ അബിയു പഴവും കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ തുടങ്ങിയിട്ടുണ്ട്.

തോട്ടം മേഖലയിൽ സർക്കാർ നയം മാറ്റത്തിനൊരുങ്ങുന്പോൾ കൈവശ ഭൂമിക്ക് 15 ഏക്കർ വിസ്തൃതി എന്ന പരിധി നീക്കണം. വാണിജ്യ പഴവർഗ കൃഷിയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കത്തക്കവിധം നയം മാറ്റവും ഗവേഷണവിപണന മേഖലകളിൽ ഗവണ്മെൻറ് പിന്തുണയും വേണ്ടിവരും.

വീട്ടുവളപ്പിലും ടെറസിലും' ഡ്രമ്മുകളിൽ അധികം പടരാത്ത മാവും പേരയും ചില ഫലവൃക്ഷങ്ങളും വളർത്തുന്നതു കർഷകർക്കിടയിൽ ഇപ്പോൾ വ്യാപകമാണ്. എയർപോട്ടുകളിൽ എയർ പ്രൂണിംഗിലൂടെ ഫലവർഗ വിളകൾ വലിപ്പം നിയന്ത്രിച്ചു വളർത്തുന്ന വിദേശ സാങ്കേതിക വിദ്യയും കേരളത്തിൽ പ്രചരിക്കുന്നുണ്ട്.

ഏതു ചെടിയും എയർപോട്ടുകളിൽ ആരോഗ്യകരമായി വളർത്താം. ചെടികൾ വളർത്തുന്ന എയർപോട്ടുകളുടെ ഭിത്തിയിൽ ദ്വാരങ്ങളുള്ളതിനാൽ വേരുകൾ വായുവുമായി സന്പർക്കത്തിലായിരിക്കും. ഈ വേരുകൾ സ്വാഭാവികമായി പ്രൂൺ ചെയ്യപ്പെടും.

ആരോഗ്യകരമായ വേരുകൾ നിലനിൽക്കുകയും പോഷകങ്ങളും ജലവും ചെടികൾ കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കുകയും ചെയ്യും' ചെടികളുടെ വലിപ്പം നിയന്ത്രിച്ച് ഒതുക്കി വളർത്താം.

മണ്ണില്ലാ കൃഷിയുടെ പല മാതൃകകളും സംരംഭകരായ യുവ കർഷകർ പരീക്ഷിക്കുന്നുണ്ട്. മണ്ണില്ലാ മാധ്യമങ്ങളിൽ ചെടികൾ വളർത്തുന്ന ഹൈഡ്രോപോണിക്സ്, എയറോപോണിക്സ്, വെർട്ടിക്കൽ ഫാമിംഗ് തുടങ്ങിയ ഹൈടെക് രീതികളിൽ സ്ഥലം കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാം.

ഒരു ചതുരശ്ര മീറ്ററിൽ നിന്നുള്ള ഉത്പാദനം പരന്പരാഗത രീതിയേക്കാൾ വളരെ കൂടുതലായിരിക്കും. കീടബാധ കുറവ്. ജലവും വളവും ലാഭിക്കാം.



അടുത്ത ഹരിത വിപ്ലവം നിർമിത ബുദ്ധിയുടെ (എഐ) ഉപയോഗത്തിലൂടെയായിരിക്കുമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു കഴിഞ്ഞു. കൃത്യമായ കാലാവസ്ഥാ പ്രവചനം, കീടരോഗ സാധ്യത മുൻകൂട്ടി പ്രവചിക്കൽ, വിതരണ ശൃംഖലയുടെ മാനേജ്മെൻറ്, വിപണനം, ജലത്തിൻറെയും വളത്തിൻറെയും കൃത്യമായ വിനിയോഗം തുടങ്ങിയവയിലെല്ലാം എഐ സാങ്കേതിക വിദ്യ കർഷകർക്കു കൃത്യമായ നിർദേശം നൽകും.

നിർമിത ബുദ്ധി, മെഷീൻ ലേണിംഗ്, ഇൻറർനെറ്റ് ഓഫ് തിംഗ്സ്, ഡ്രോൺ ടെക്നോളജി തുടങ്ങിയ ഡിജിറ്റൽ സാങ്കേതിക വിദ്യകൾ കർഷകർക്കിടയിൽ വ്യാപകമാക്കാൻ കേന്ദ്ര സർക്കാർ കഴിഞ്ഞ സെപ്റ്റംബറിൽ ഡിജിറ്റൽ അഗ്രികൾച്ചർ മിഷൻ (ഡിഎഎം) ആരംഭിച്ചിട്ടുണ്ട്.

കർഷകരുടെ നാട്ടറിവുകളും പാരന്പര്യവിജ്ഞാനവും നിർമിത ബുദ്ധിയും തമ്മിൽ ബന്ധിപ്പിച്ച് ചെറുകിട കർഷകരുടെ പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുന്ന ഹൈബ്രിഡ് അഗ്രികൾച്ചറൽ ഇൻറലിജൻസ് (എച്ച്എ ഐ) ഈ മേഖലയിലെ ഏറ്റവും പുതിയ എഐ മോഡലാണ്.

മാറുന്ന കാലാവസ്ഥയിൽ പഴയ കൃഷി മാതൃകകൾ കൊണ്ട് കർഷകന് അതിജീവിക്കാനാവില്ല. കാലാവസ്ഥാ വ്യതിയാനം നേരിടാൻ ക്ലൈമറ്റ് സ്മാർട് കൃഷി രീതികൾ തന്നെ പിന്തുടരേണ്ടി വരും. അഖിലേന്ത്യാ തലത്തിൽ കാലാവസ്ഥാ വ്യതിയാനം നേരിടാൻ വിവിധ വിളകളിലായി 455 പുതിയ വിത്തിനങ്ങളാണ് 2024 ൽ കേന്ദ്ര ഗവണ്മെൻറ് പുറത്തിറക്കിയത്.

വരൾച്ചയോടും പ്രതികൂല കാലാവസ്ഥയോടും പൊരുതുന്നവയാണ് ഈ വിത്തിനങ്ങൾ. ഈ വർഷം മുതൽ കാലാവസ്ഥാ വ്യതിയാനം നേരിടാൻ കേരളത്തിൽ ലോകബാങ്ക് സഹായത്തോടെ 2400 കോടി രൂപയുടെ വായ്പാ പദ്ധതി നടപ്പാക്കാൻ പോവുകയാണ്.

നെല്ല്, റബർ, കാപ്പി, ഏലം തുടങ്ങിയവയിൽ കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കുന്ന കൃഷി രീതികൾ നടപ്പാക്കും. കേര' (കേരള ക്ലൈമറ്റ് റെസലിയൻറ് അഗ്രി വാല്യു ചെയിൻ മോഡണൈസേഷൻ പ്രോജക്ട്) പദ്ധതിയിൽ 500 കോടി രൂപയാണ് നെൽകൃഷി പ്രോത്സാഹനത്തിനു വേണ്ടി ചെലവഴിക്കുന്നത്.

നെൽകൃഷിയിൽ നിന്നുള്ള കാർബൺ ബഹിർഗമനം കുറച്ച് ഉത്പാദനം വർധിപ്പിക്കുകയാണ് ലക്ഷ്യം. ഫിലിപ്പൈൻസിലെ അന്താരാഷ്ട്ര നെല്ലു ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരാണ് സാങ്കേതിക സഹായം നൽകുന്നത്.

അപ്രവചനീയമായ കാലാവസ്ഥാ വ്യതിയാനത്തിൻറെ പശ്ചാത്തലത്തിൽ ലോകം അതിവേഗം അന്തരീക്ഷത്തിലേക്കുള്ള ഹരിത ഗൃഹ വാതക ബഹിർഗമനം കുറയ്ക്കുന്ന ഹരിത സന്പദ് വ്യവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. കൃഷിയിലും ഈ മാറ്റത്തിൻറെ പ്രതിഫലനങ്ങൾ കാണാം.

സുസ്ഥിരമായി വിളവ് വർധിപ്പിക്കുന്നതോടൊപ്പം കൃഷിയിൽ നിന്നുള്ള കാർബൺ ബഹിർഗമനം കുറയ്ക്കുകയും വേണം. ക്ലൈമറ്റ് സ്മാർട് കൃഷി രീതികൾക്കൊപ്പം പ്രകൃതി കൃഷി, പുനരുജ്ജീവനത്തിൻറെ കൃഷി തുടങ്ങിയ പ്രകൃതി സൗഹൃദ കൃഷി രീതികളും ഇതിൻറെ ഭാഗമായി പ്രോത്സാഹിപ്പിക്കപ്പെടുന്നു.

ഈ മാറ്റം ഏക വിള സന്പ്രദായത്തിൽ നിന്നും ബഹുവിള സന്പ്രദായത്തിലേക്കു മാറി ജൈവവൈവിധ്യം സംരക്ഷിക്കും. മണ്ണിൻറെ ആരോഗ്യം വീണ്ടെടുക്കും. അന്തരീക്ഷത്തിലേക്കുള്ള കാർബൺ ബഹിർഗമനം കുറയ്ക്കും. ജനങ്ങൾക്ക് വിഷരഹിതമായ ഭക്ഷണം ഉറപ്പാക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ചെങ്ങോലപ്പാടത്ത് പുതിയ മേൽപ്പാലം;20.77 കോടി ചെലവ്

**കൊച്ചി:** നെടുമ്പാശേരി വിമാനത്താവളത്തിലെ യാത്രക്കാരെയടക്കം മണിക്കൂറുകളോളം വഴിയിൽ കുടുക്കിയ ചോറ്റാനിക്കര, മുളന്തുരുത്തി ഗതാഗത കുരുക്കിന് ഒടുവിൽ പരിഹാരം. ഈ റൂട്ടിലെ ചെങ്ങോലപ്പാടത്തുള്ള ലെവൽ ക്രോസിനു പകരം നിർമിച്ച പുതിയ മേൽപ്പാലം മന്ത്രി പി.എ.മുഹമ്മദ് റിയാസ് തുറന്നുകൊടുത്തു. ഓൺലൈനായാണ് മന്ത്രി ഉദ്ഘാടനം ചെയ്തത്.

നിർമാണം തുടങ്ങി ഒരു ദശകത്തിലേറെ കഴിഞ്ഞാണു മേൽപ്പാലം യാഥാർഥ്യമായത്. റോഡ്സ് ആന്റ് ബ്രിജസ് ഡവലപ്മെന്റ് കോർപറേഷനായിരുന്നു പദ്ധതി നടത്തിപ്പിന്റെ ചുമതല. നിർമാണ ചുമതല ഏറ്റെടുക്കാൻ ആരും തയാറായില്ല. പിന്നീട് ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡാണ് 2022ൽ നിർമാണം ഏറ്റെടുത്തത്.

ശബരിമല മണ്ഡല കാലത്താണ് ഇവിടെ തിരക്ക് കൂടുതൽ. വിമാനത്താവളം അടക്കം എറണാകുളത്തേക്കും തിരിച്ചുമുള്ള യാത്രക്കാർ സഞ്ചരിക്കുന്നതും ഈ വഴിയാണ്. ഏറെ തിരക്കേറിയ എറണാകുളം-കോട്ടയം വഴിയിലായതിനാൽ ലെവൽ ക്രോസ് തുടർച്ചയായി അടച്ചിടുന്ന സാഹചര്യവുണ്ടായിരുന്നു. രണ്ടു വരി ഗതാഗതമുള്ള മേൽപ്പാലത്തിന് 530 മീറ്റർ നീളവും 9.50 മീറ്റർ വീതിയുമുണ്ട്. ഒരുവശത്ത് നടപ്പാതയും ഇരുവശത്തും സർവീസ് റോഡുകളുമുണ്ട്. പാലത്തിന്റെ നിർമാണത്തിന് 20.77 കോടി രൂപയാണു ചെലവ്.

തടസ്സമില്ലാത്ത റോഡ് ശൃംഖല എന്ന സ്വപ്നത്തിന്റെ ഭാഗമായാണു ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന പദ്ധതിക്ക് രൂപം നൽകിയതെന്നു മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു. സംസ്ഥാനത്തെ 8 മേൽപ്പാലങ്ങളുടെ കൂടി നിർമാണം ഈ വർഷം പൂർത്തിയാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

മേൽപ്പാലത്തിനു സമീപം നടന്ന ഉദ്ഘാടന ചടങ്ങിൽ അനൂപ് ജേക്കബ് എംഎൽഎ അധ്യക്ഷനായി. കെ.ഫ്രാൻസിസ് ജോർജ് എംപി മുഖ്യാതിഥിയായി. ജോസ് കെ.മാണി എംപി ഓൺലൈനായി പങ്കെടുത്തു.



# ഡിജിറ്റൽ വിസ്ഡം പദ്ധതിക്ക് തുടക്കം

**ചാലക്കുടി:** ബെന്നി ബഹനാൻ എംപിയുടെ സാമൂഹ്യ സേവന പദ്ധതികളുടെ ഭാഗമായി നടപ്പാക്കുന്ന 'ഡിജിറ്റൽ വിസ്ഡം' പദ്ധതിക്ക് തുടക്കം. ചാലക്കുടി ലോക്സഭാ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട ആധുനിക ഉപകരണങ്ങൾ, ഡിജിറ്റൽ ലൈബ്രറി, സ്മാർട്ട് ക്ലാസ് റൂം, ആധുനിക നിലവാരത്തിലുള്ള കംപ്യൂട്ടറുകൾ തുടങ്ങിയ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഒന്നാം ഘട്ടമായി അഗാപ്പേ ഇന്ത്യ ലിമിറ്റഡിൻറെ സഹകരണത്തോടെ 15 ലക്ഷത്തോളം രൂപ ചെലവ് വരുന്ന കംപ്യൂട്ടറുകൾ 6 സ്കൂളുകൾക്ക് കൈമാറി.

പുല്ലുവഴി ജയ കേരളം സ്കൂൾ, തിരുമുടിക്കുന്ന് പിഎസ്എച്ച്എസ്, ആലുവ സെന്റ് ഫ്രാൻസിസ് ജിഎച്ച്എസ്എസ്, കുഴിക്കാട്ടുശ്ശേരി സെൻറ് മേരിസ് ഗേൾസ് ഹൈസ്കൂൾ, കൊടുങ്ങല്ലൂർ പുല്ലൂറ്റ് ഗവ. ഹയർ സെക്കൻഡറി സ്കൂൾ, എടത്തുരുത്തി ചാമക്കാല ഗവ. ഹയർ സെക്കൻഡറി സ്കൂൾ എന്നീ സ്കൂളുകൾക്കാണ് കംപ്യൂട്ടറുകൾ കൈമാറിയത്. ചടങ്ങിൽ അങ്കമാലി മുനിസിപ്പൽ ചെയർമാൻ ഷിയോ പോൾ, ജില്ലാ പഞ്ചായത്ത് മെമ്പർ ശാരദാമോഹൻ, അഗാപ്പേ സിഎസ്ആർ ഹെഡ് വിനോദ് ടി. മാത്യു, അഗാപ്പേ പബ്ലിക് റിലേഷൻ ഓഫീസർ ബിജു, വൈസ് ചെയർപഴ്സൻ സിനി മനോജ്, മുൻ എംഎൽഎ പി.ജെ.ജോയി, അങ്കമാലി മുൻ നഗരസഭ ചെയർമാൻ മാത്യു തോമസ്, മുനിസിപ്പൽ കൗൺസിലർ പോൾ ജോവർ, മൂക്കന്നൂർ മുൻ പഞ്ചായത്ത് പ്രസിഡൻറ് ടി.എം. വർഗീസ്, കെ.പി.ബേബി എന്നിവർ പങ്കെടുത്തു.

# കനത്ത ചൂട്: സ്വയംപ്രതിരോധം പ്രധാനം ഡി.എം.ഒ

**ആലപ്പുഴ:** താപനില ഉയരുന്നത് മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ജാഗ്രത പാലിക്കണമെന്നും സ്വയംപ്രതിരോധം വളരെ പ്രധാനമാണെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. നേരിട്ടുള്ള വെയിൽ കൊള്ളരുത്, നിർജ്ജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കണം, രാവിലെ 11 മണി മുതൽ വൈകുന്നേരം മൂന്ന് മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണം, കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗങ്ങളുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഡി.എം.ഒ അറിയിച്ചു.

ഉയർന്നചൂട് സൂര്യാഘാതം, സൂര്യതാപം, നിർജ്ജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. നേരിട്ട് വെയിലേൽക്കുന്ന ജോലി ചെയ്യുന്നവർ ജോലി സമയം ക്രമീകരിക്കണം ശരീരത്തിലെ ജലനഷ്ടത്തിലൂടെ നിർജ്ജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കുകയെന്നതാണ് പ്രധാന പ്രതിരോധ മാർഗം. ശാരീരിക അസ്വസ്ഥകളോ ബുദ്ധിമുട്ടുകളോ ഉണ്ടായാൽ ഉടൻ ചികിത്സ തേടണം.

തുടർച്ചയായി വെയിലേറ്റാൽ സൂര്യാഘാതമോ, സൂര്യതാപമോ ഉണ്ടാകാനിടയുണ്ട്. വളരെ ഉയർന്ന ശരീര താപനില, വേഗത്തിലുള്ള ഹൃദയമിടിപ്പ്, വറ്റിവരണ്ട ചുവന്ന ചർമ്മം, ശക്തമായ തലവേദന, തലകറക്കം, ഓക്കാനം, ബോധക്ഷയം, കഠിനമായ ക്ഷീണം എന്നിവ തോന്നിയാൽ ശ്രദ്ധിക്കണം. എന്തെങ്കിലും ബുദ്ധിമുട്ട് തോന്നിയാൽ തണലിൽ വിശ്രമിച്ച് ധാരാളം വെള്ളം കുടിക്കണം. കട്ടികൂടിയ വസ്ത്രങ്ങൾ മാറ്റുക. തണുത്ത വെള്ളം കൊണ്ട് ദേഹം തുടയ്ക്കുക. കാറ്റ് കൊള്ളുക, വീശുക അല്ലെങ്കിൽ ഫാനോ എ.സിയോ ഉപയോഗിക്കുക. ഡോക്ടറെ കാണിച്ച് ചികിത്സ തേടുക.

ചൂട്കുരു, പേശി വലിവ്, ചർമ്മ രോഗങ്ങൾ, വയറിളക്ക രോഗങ്ങൾ, നേത്ര രോഗങ്ങൾ, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ ചൂട് കാലത്ത് കൂടുതലായി കാണപ്പെടാറുണ്ട്. ചൂട് കുരു കുട്ടികളെയാണ് കൂടുതൽ ബാധിക്കുന്നത്. ചൂട് കുരു ഉണ്ടായാൽ അധികം വെയിൽ ഏൽക്കാതിരിക്കുകയും തിണർപ്പ് ബാധിച്ച ശരീരഭാഗങ്ങൾ എപ്പോഴും ഈർപ്പരഹിതമായി സൂക്ഷിക്കുകയും വേണം.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

■രാവിലെ 11 മുതൽ വൈകുന്നേരം മൂന്നുവരെയുള്ള സമയത്ത് കൂടുതൽ നേരം വെയിലേൽക്കരുത്.

■ അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

■ പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലത്.

■ ദാഹമില്ലെങ്കിലും ധാരാളം വെള്ളം ഇടയ്ക്കിടയ്ക്ക് കുടിക്കുക. യാത്രാവേളയിൽ ഒരു കുപ്പി വെള്ളം കരുതുന്നത് നല്ലത്.

■ തിളപ്പിച്ചാറിയ വെള്ളം കുടിക്കാൻ ഉപയോഗിക്കുക.

■ കുട്ടികൾക്ക് ഇടയ്ക്കിടയ്ക്ക് വെള്ളം നൽകണം.

■ ഉപ്പിട്ട കഞ്ഞിവെള്ളം, മോര്, നാരങ്ങാവെള്ളം എന്നിവ ധാരാളമായി കുടിക്കുക.

■ വെള്ളം ധാരാളം അടങ്ങിയിട്ടുള്ള തണ്ണിമത്തൻ, ഓറഞ്ച് മുതലായ പഴങ്ങളും പച്ചക്കറി സാലഡുകളും കൂടുതലായി ഭക്ഷണത്തിൽ ഉൾപ്പെടുത്തുക

■ കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കരുത്

■ ചൂടിന്റെ കാഠിന്യം കുറയ്ക്കാൻ പകൽ സമയത്ത് വീടിന്റെ വാതിലുകളും ജനലുകളും തുറന്നിടുക

■ വൃത്തിയും ശുചിത്വവുമുള്ള സാഹചര്യങ്ങളിൽ സൂക്ഷിക്കുന്ന പാനീയങ്ങൾ മാത്രം ഉപയോഗിക്കുക.

■ ജ്യൂസിൽ ഉപയോഗിക്കുന്ന ഐസ് ശുദ്ധജലം കൊണ്ടുണ്ടാക്കുന്നതാവണമെന്നും ഡിഎംഒ അറിയിച്ചു.

# കൊയ്ത്ത് യന്ത്രങ്ങളുടെ നിരക്ക്: നിബന്ധനകൾ ലംഘിക്കരുത്: ജില്ലാ കളക്ടർ

**ആലപ്പുഴ:** പുഞ്ചകൃഷി കൊയ്ത്തുമായി ബന്ധപ്പെട്ട് കൊയ ത്ത് യന്ത്രങ്ങളുടെ നിരക്ക്, കൊയ്ത്ത് സമയം എന്നിവയുടെ കാര്യത്തിൽ ജില്ലാതലത്തിൽ എടുത്ത തീരുമാനത്തിന് വിരുദ്ധമായി പ്രവർത്തിക്കരുതെന്നും തീരുമാനങ്ങൾ കർശനമായി നടപ്പിലാക്കണമെന്നും ജില്ലാ കളക്ടർ അലക്സ് വർഗീസ് അറിയിച്ചു. കൊയ്ത്ത് യന്ത്രങ്ങളുടെ നിരക്ക് റോഡ് മാർഗ്ഗം എത്തിക്കാവുന്ന പാടശേഖരങ്ങളിൽ മണിക്കൂറിന് 2100 രൂപയും ചങ്ങാടത്തിൽ എത്തിക്കേണ്ട സ്ഥലങ്ങളിൽ മണിക്കൂറിന് 2200 രൂപയുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. നിലവിലെ കാലാവസ്ഥാ സാഹചര്യത്തിൽ ഒരു മണിക്കൂർ മുതൽ ഒന്നര മണിക്കൂർ വരെ സമയത്തിനുള്ളിൽ ഒരേക്കർ കൊയ്ത് തീർക്കേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്. ഈ രണ്ടും തീരുമാനങ്ങളും കർശനമായി നടപ്പിലാക്കണം. പാടശേഖര സമിതികളോ കൊയ്ത്ത് യന്ത്ര ഏജൻറുമാരോ നിബന്ധനകൾ ലംഘിക്കാൻ പാടില്ല. ജില്ലാതലത്തിൽ കൈക്കൊണ്ട തീരുമാനത്തിനു വിരുദ്ധമായി പാടശേഖര സമിതികൾ സ്വന്തം നിലക്ക് നിരക്കു തീരുമാനിക്കരുത്.

# പ്രോലെവൽ ക്യാമറ സംവിധാനവുമായി നത്തിംഗ് ഫോൺ (3എ) സീരീസ്



**കൊച്ചി:** ലണ്ടൻ ആസ്ഥാനമായുള്ള ടെക്നോളജി കമ്പനി നത്തിംഗ്, ഫോൺ (3എ) സീരീസിൽ പ്രോലെവൽ ക്യാമറ സംവിധാനം അവതരിപ്പിക്കാനൊരുങ്ങുന്നു. ഏത് സാഹചര്യത്തിലും യഥാർത്ഥ സ്മാർട്ട്ഫോൺ ഫോട്ടോകളും വീഡിയോകളും പകർത്താൻ ഉപയോക്താക്കളെ സഹായിക്കുന്ന ഫീച്ചറാണിത്. ഫോൺ (3 എ) സീരീസ് അതിന്റെ മുൻപത്തെ മോഡൽ ഫോൺ (2എ)യുമായി താരതമ്യപ്പെടുത്തുമ്പോൾ ക്യാമറയിൽ സവിശേഷമായ മെച്ചപ്പെടുത്തലുകളാണ് നടത്തിയിരിക്കുന്നത്. 3 എക്സ് ഒപ്റ്റിക്കൽ സൂം, 6 എക്സ് ഇൻസെൻസർ സൂം, 60 എക്സ് അൾട്രാ സൂം എന്നിവ വാഗ്ദാനം ചെയ്യുന്ന 50 എംപി പെരിസ്കോപ്പ് ലെൻസോടെയാണ് പുതിയ ഫോൺ ഇറങ്ങുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടോൺ മാപ്പിംഗ്, സീൻ ഡിറ്റക്ഷൻ എന്നിവയുടെ സംയോജനത്തിലൂടെ പ്രൊഫഷണൽഗ്രേഡ്, ട്രൂടുലൈഫ് ഫോട്ടോഗ്രാഫി നിർമ്മിക്കാൻ നത്തിംഗിന്റെ ട്രൂലെൻസ് എഞ്ചിൻ 3.0 എലൈറ്റ് ഹാർഡ്‌വെയർ ഉപയോഗിക്കുന്നു. ഫോൺ (3 എ) സീരീസിന്റെ 50 എംപി പ്രധാന സെൻസർ ഒരു പിക്സൽ തലത്തിൽ 64 ശതമാനം കൂടുതൽ പ്രകാശം പിടിച്ചെടുക്കുന്നു. നാല് സെൻസറുകളും അൾട്രാ എച്ച്ഡിആർ ഫോട്ടോ ഔട്ട്പുട്ടിനെ പിന്തുണയ്ക്കുന്നു. ഫോൺ (3 എ) സീരീസ് മാർച്ച് 4 ന് പുറത്തിറക്കും.

# ഫോബ്സ് പ്രോമിസിംഗ് സ്റ്റാർട്ടപ്പ് പട്ടിക; ആദ്യ 100ൽ ഇടംപിടിച്ച് മലയാളി സ്റ്റാർട്ടപ്പായ ആക്രി ആപ്പ്



**കൊച്ചി:** പ്രശസ്ത ആഗോള പ്രസിദ്ധീകരണമായ ഫോബ്സ് മാസികയുടെ പ്രോമിസിംഗ് സ്റ്റാർട്ടപ്പ് പട്ടികയിൽ ആദ്യ 100 ൽ ഇടം നേടി മലയാളി സ്റ്റാർട്ടപ്പായ ആക്രി ആപ്പ്. സുസ്ഥിര മാലിന്യ നിർമ്മാർജ്ജനമാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ യൂണീക് ഐഡി സ്റ്റാർട്ടപ്പായ ആക്രി ആപ്പ് നടപ്പാക്കുന്നത്.ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ ലീപ്പ് ടു യൂണികോൺ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട ആക്രി ആപ്പ് വഴി ഇതു വരെ പതിനായിരം ടൺ മാലിന്യം കൈകാര്യം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലാണ് കേരളത്തിൽ ആക്രി ആപ്പിൻറെ സേവനമുള്ളത്. 87 നഗരസഭകളിലേക്കും രണ്ട് കോർപറേഷനുകളിലേക്കും കൂടി പ്രവർത്തനം വ്യാപിപ്പിക്കുമെന്ന് സ്റ്റാർട്ടപ്പ് സ്ഥാപകൻ സി ചന്ദ്രശേഖർ പറഞ്ഞു. കേരളത്തിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഇന്ന് കൊച്ചിയിൽ മാത്രമേയുള്ളൂ. ഇതിനു പരിഹാരമായി കേരളത്തിൽ പറ്റിയ സ്ഥലത്ത് രണ്ട് ആധുനിക മെഡിക്കൽ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ ആക്രി ആപ്പ് ആരംഭിക്കുമെന്ന് ചന്ദ്രശേഖർ പറഞ്ഞു. പദ്ധതി വേഗത്തിൽ പൂർത്തിയാക്കാനുള്ള എല്ലാ സഹായങ്ങളും സംസ്ഥാന സർക്കാർ നൽകുന്നുണ്ട്.ശാസ്ത്രീയമായ മാലിന്യനിർമ്മാജ്ജനം കാലങ്ങളായി വിസ്മരിക്കപ്പെട്ടു കിടന്ന മേഖലയാണെന്ന് അദ്ദേഹം പറഞ്ഞു. പാർപ്പിടങ്ങൾ, ബിസിനസ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെയൊക്കെ അംഗീകൃത മാലിന്യ നിർമ്മാർജ്ജകരുമായി ബന്ധപ്പെടുത്തുകയാണ് ആക്രി ആപ്പിലൂടെ ചെയ്യുന്നത്. ഇമാലിന്യങ്ങൾ, കടലാസ്,പ്ലാസ്റ്റിക്, ജൈവമാലിന്യങ്ങൾ എന്നിവയെല്ലാം ഇവർ കൈകാര്യം ചെയ്യും. പലപ്പോഴും മറ്റുള്ളവർ കൈകാര്യം ചെയ്യാൻ മടിക്കുന്ന ഡയപ്പർ മാലിന്യവും ഇവർ സ്വീകരിക്കുന്നതാണ്. ആപ്പ് വഴി മാലിന്യം ശേഖരിക്കേണ്ട സമയം, അത് എവിടെ പോകുന്നു തുടങ്ങിയ കാര്യങ്ങൾ അറിയാനാകും. പാരീസ് ഉടമ്പടിയുടെ പശ്ചാത്തലത്തിൽ 2030 ആകുമ്പോഴേക്കും നെറ്റ് സീറോ മാനദണ്ഡം നേടിയെടുക്കാനുള്ള പരിശ്രമങ്ങൾക്ക് ഇത് സഹായകരമാകുമെന്നും ചന്ദ്രശേഖർ പറഞ്ഞു.സ്വച്ഛ് ഭാരത് പദ്ധതിയുമായി ചേർന്നാണ് ആക്രി ആപ്പ് പ്രവർത്തിക്കുന്നത്. മാലിന്യനിർമ്മാർജ്ജനത്തിനപ്പുറം ഈ മേഖലയിൽ ജോലിയെടുക്കുന്നവരുടെ ക്ഷേമവും ആക്രി ആപ്പ് ലക്ഷ്യം വയ്ക്കുന്നു. താഴെത്തട്ടിലേക്ക് നൂതനസാങ്കേതികവിദ്യ എത്തിക്കുന്നതിലൂടെ സമഗ്രമായ മാറ്റത്തിനാണ് ആക്രി ആപ്പ് തുടക്കമിടുന്നത്. കെ. 2023 മികച്ച് സ്റ്റാർട്ടപ്പ് പുരസ്കാരം, യുവ പ്രതിഭ വിവേകാനന്ദ പുരസ്കാരം 2023, ലുലു സസ്റ്റെയിനബിലിറ്റി ഡൈജെക്സ് പുരസ്ക്കാരം, കൈരളി ഇനോടെക് പുരസ്കാരം, കേരള സോഷ്യൽ ഇംപാകൂർ പുരസ്കാരം 2024 എന്നിവയും ആക്രി ആപ്പിനെ തേടിയെത്തിയിട്ടുണ്ട്. ഇതിനു പുറമെ അമേരിക്കൻ എംബസിയുടെ നെക്സസ് പരിപാടിയിലും ആക്രി ആപ്പ് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ നിന്ന് ഈ പ്രോഗ്രാമിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പത്ത് സ്റ്റാർട്ടപ്പുകളിലൊന്നാണിവർ.

# പ്യുവർ ഇവി ജിയോ തിംഗ്സുമായി ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:** ഇരുചക്രവാഹന നിർമ്മാതാക്കളായ പ്യുവർ ഇവി, സ്മാർട്ട് ഡിജിറ്റൽ ക്ലസ്റ്ററുകളും ടെലിമാറ്റിക്സും ഇലക്ട്രിക് വാഹനങ്ങളുമായി സമന്വയിപ്പിക്കുന്നതിന് ജിയോ തിംഗ്സ് ലിമിറ്റഡുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. സ്മാർട്ട് ഡിജിറ്റൽ ക്ലസ്റ്ററുകൾ വഴി ഉപഭോക്താക്കൾക്ക് തത്സമയ ഡാറ്റ അനലിറ്റിക്സ്, ടൂ വീലർ ഇന്റർഫേസ് കസ്റ്റമൈസേഷൻ, ഫുൾ എച്ച് ഡി പ്ലസ്സ് ടച്ച്സ്ക്രീൻ ഡിസ്‌പ്ലേ,തടസ്സമില്ലാത്ത കണക്റ്റിവിറ്റി തുടങ്ങിയവ വാഗ്ദാനം ചെയ്യുന്നു. മറ്റൊരു സംയോജിത സൊലൂഷനായ ജിയോ ഓട്ടോമോട്ടീവ് ആപ്പ് സ്യൂട്ട് വഴി ജിയോ സ്റ്റോർ, മ്യൂസിക് സ്ട്രീമിംഗ്, വെബ് ബ്രൗസിംഗ്, ഹാൻഡ്സ് ഫ്രീ വോയ്സ് അസിസ്റ്റൻസ്, നാവിഗേഷൻ, ഗെയിമിംഗ് ഉൾപ്പെടെ നിരവധി സേവനങ്ങളും ഇരുചക്രവാഹന ഉപഭോക്താക്കൾക്കായി ലഭിക്കുമെന്ന് പ്യുവർ ഇവിയുടെ സ്ഥാപകനും എംഡിയുമായ ഡോ. നിശാന്ത് ഡോങ്കരി പറഞ്ഞു.

# ഫ്ളിപ്പ്കാർട്ട് ടാബ്ലെറ്റ് പ്രീമിയർ ലീഗ്

**കൊച്ചി:** ഫ്ളിപ്പ്കാർട്ട് ഓഫറുകളോടെ ടാബ്ലെറ്റ് പ്രീമിയർ ലീഗ് 2025 ( ടി പി എൽ 2025) ആരംഭിക്കുന്നു.ഇന്ന് മുതൽ ആരംഭിക്കുന്ന ടിപിഎല്ലിന്റെ ആദ്യ പതിപ്പിൽ മികച്ച വിൽപ്പന നടക്കുന്ന ടാബ്ലെറ്റുകൾക്ക് ഒരു ചുരുങ്ങിയ കാലയളവിൽ 50 ശതമാനം വരെ കിഴിവ് ലഭിക്കും. സാംസങ്, ലെനോവോ, ആപ്പിൾ, റിയൽമി, വൺപ്ലസ്, റെഡ്മി, ലെനോവോ, എംഐ, പോക്കോ, ഇൻഫിനിക്സ് എന്നീ ടാബ്ലെറ്റുകൾക്ക് എക്സ്ചേഞ്ച് ഓഫറും നോ കോസ്റ്റ് ഇംഎം ഐയിലും ലഭിക്കും. ഇതിന് പുറമെ, സൗജന്യ ഒടിടി സബ്സ്ക്രിപ്ഷൻ ഉൾപ്പെടെയുള്ള അധിക ആനുകൂല്യങ്ങളും ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.ഇതിലൂടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ ടാബ്ലെറ്റുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള അവസരമാണ് ഒരുങ്ങുന്നത്. ഫ്ളിപ്കാർട്ടിന്റെ 'മിനിറ്റ്സിലൂടെ ടാബ്ലെറ്റുകൾ 10 മിനിറ്റിനുള്ളിൽ തിരഞ്ഞെടുത്ത പിൻ കോഡുകളിൽ ഡെലിവറി നടത്തും.

# ടിവിഎസ് റോണിൻ 2025 അവതരിപ്പിച്ചു




**കൊച്ചി:** മുൻനിര ഇരുചക്ര, മുച്ചക്ര വാഹന നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി ടിവിഎസ് റോണിൻ 2025 എഡിഷൻ പുറത്തിറക്കി. ഈ രംഗത്തെ ആദ്യ മോഡേൺറെട്രോ മോട്ടോർ സൈക്കിളാണിത്. ഗ്ലേസിയർ സിൽവർ, ചാർക്കോൾ എംബർ എന്നീ രണ്ട് അധിക നിറങ്ങളോടെയാണ് 2025 ടിവിഎസ് റോണിൻ എത്തുന്നത്.പുതിയ നിറങ്ങൾക്കൊപ്പം 2025 പതിപ്പിന്റെ മിഡ് വേരിയന്റിൽ ഡ്യുവൽ ചാനൽ എബിഎസും ഉണ്ട്. 1.59 ലക്ഷം രൂപ മുതലാണ് ഇതിന്റെ വില ആരംഭിക്കുന്നത്. ഇന്ത്യയിലുടനീളമുള്ള അംഗീകൃത ടിവിഎസ് ഡീലർഷിപ്പുകളിൽ നിന്നും 1.35 ലക്ഷം രൂപ പ്രാരംഭവിലയിൽ (എക്സ്ഷോറൂം) 2025 ടിവിഎസ് റോണിൻ സ്വന്തമാക്കാമെന്ന് ടിവിഎസ് മോട്ടോർ കമ്പനി പ്രീമിയം ബിസിനസ് മേധാവി വിമൽ സംബ്ലി പറഞ്ഞു. 225.9 സിസി എഞ്ചിനാണ് ടിവിഎസ് റോണിന്റെ കരുത്ത്. ഇത് 7,750 ആർപിഎമ്മിൽ 20.4 പിഎസും 3,750 ആർപിഎമ്മിൽ 19.93 എൻഎം ടോർക്കും നൽകും. സുഗമമായ ലോസ്പീഡ് റൈഡിങിനായി ഗ്ലൈഡ് ത്രൂ ടെക്നോളജി (ജിടിടി), അനായാസമായ ഗിയർഷിഫ്റ്റുകൾക്കായി അസിസ്റ്റ് സ്ലിപ്പർ ക്ലച്ച് എന്നിവയും മികച്ച ഹാൻഡ്‌ലിങിനായി അപ്സൈഡ്ഡൗൺ ഫ്രണ്ട് ഫോർക്ക് തുടങ്ങിയവയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കെഎഫ്സി ബോൺലെസ് റേഞ്ച് അവതരിപ്പിച്ചു




**കൊച്ചി :**കെഎഫ്സി പുതിയ ബോൺലെസ് ശ്രേണി ഇന്ത്യയിൽ അവതരിപ്പിച്ചു, 99 രൂപ മുതൽ ആരംഭിക്കുന്നു ഈ ശ്രേണിയിൽ ബോൺലെസ് ചിക്കൻ സ്ട്രിപ്പുകളും ചിക്കൻ പോപ്കോണും ഉൾപ്പെടുന്നു, 1200+ റെസ്റ്റോറന്റുകളിലും, വെബ്സൈറ്റിലും കെഎഫ്സി ആപ്പ് വഴിയും ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# കാലിക്കറ്റ് മാരത്തൺ ഫെബ്രുവരി 23ന് ; 7,500 ഓളം പേർ പങ്കെടുക്കും




കോഴിക്കോട്: കോഴിക്കോടിന്റെ അഭിമാനമുയർത്തിയ സാഹിത്യകാരോടുള്ള ആദരസൂചകമായി ഈ മാസം 23ന് കോഴിക്കോട് വച്ച് വി കെ സി കാലിക്കറ്റ് മാരത്തൺ 2025 നടത്തുന്നു. രാവിലെ 5.30ന് കോഴിക്കോട് ബീച്ചിൽ നിന്ന് ആരംഭിക്കുന്ന വികെസി കാലിക്കറ്റ് ഹാഫ് മാരത്തൺ 2025ന്റെ സംഘാടകർ ഐഐഎം കോഴിക്കോടാണ്. ഐഐഎം കോഴിക്കോട് ഇതുവരെ സംഘടിപ്പിച്ച എല്ലാ മാരത്തണുകളുടെയും രജിസ്ട്രേഷനിലെ എണ്ണം വികെസി മാരത്തൺ കടത്തിവെട്ടിയതായി സംഘാടകർ അറിയിച്ചു. 'വേഡ്സ് ഇൻ മോഷൻ'എന്നതാണ് മാരത്തണിന്റെ തീം.ദക്ഷിണേന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഓട്ടക്കാർ പരിപാടിയിൽ പങ്കെടുക്കും. മാരത്തൺ ആരംഭിക്കുന്ന സ്ഥലം മുതലുള്ള ഒരു കിലോമീറ്റർ ഓട്ടത്തിൽ കോഴിക്കോട്ടെ എല്ലാ സംഘടനകളും സ്ഥാപനങ്ങളും തങ്ങളുടെ ബ്രാൻഡഡ് ജഴ്സി ധരിച്ച് പങ്കെടുക്കും. കേരളത്തിലെ ഏറ്റവും വലിയ ഹാഫ് മാരത്തൺ മത്സരമായ വി കെ സി മാരത്തണിൽ 7500 പേർ പങ്കെടുക്കുമെന്ന് കണക്കാക്കുന്നുവെന്ന് വി.കെ.സി മാനേജിംഗ് ഡയറക്ടർ വി.കെ.സി റസാഖ് പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയ്ക്ക് നാളെ തുടക്കം



**കൊച്ചി:** ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയ്ക്ക്(ഐകെജിഎസ്) നാളെ തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്ന ഉച്ചകോടിയിൽ കേന്ദ്രസംസ്ഥാന മന്ത്രിമാരും വിദേശരാജ്യ പ്രതിനിധികളും സംബന്ധിക്കുമെന്ന് വ്യവസായമന്ത്രി പി രാജീവ്  വാർത്താ സമ്മേളനത്തിൽ അറിയിച്ചു.ലുലു ബോൾഗാട്ടി ഇൻറർനാഷണൽ കൺവെൻഷൻ സെൻററിലാണ് ദ്വിദിന ഉച്ചകോടി നടക്കുന്നത്.ഉദ്ഘാടന ദിവസത്തെ പ്ലീനറി സെഷനിൽ കേരളം ചെറിയ ലോകവും വലിയ സാധ്യതകളും,സ്റ്റാർട്ടപ്പ്ഇനോവേഷൻ എന്നിവയുടെ പ്രോത്സാഹനം,പ്രതിഭകളുടെ ഭാവി,മെഡിക്കൽ എക്സലൻസ്ആയുർവേദ, സൗഖ്യചികിത്സ, ഭാവിയുടെ വളർച്ചയ്ക്ക് സമുദ്രോത്പന്നമേഖലയെ ഉപയോഗപ്പെടുത്തൽ,ഓട്ടോമോട്ടീവ് ടെക്നോളജിഇനോവേഷൻ ഭാവി,തുറമുഖ കേന്ദ്രീകൃത അതിദ്രുത വികസനം, കപ്പൽ നിർമ്മാണത്തിലെ കേരളത്തിൻറെ അവസരങ്ങൾ രാജ്യവികസനത്തിൻറെ കാഴ്ചപ്പാടിൽ, പരമ്പരാഗത മേഖലയുടെ ശാക്തീകരണം,സുസ്ഥിര ഊർജ്ജ അവസരം കേരളത്തിൻറെ ഭാവിയുടെ ശാക്തീകരണം,റബർ ഉൾപ്പെടെയുള്ള മൂല്യവർധിത തോട്ടം മേഖല ,എയ്റോസ്പേസ്ഡിഫൻസ് ഇനോവഷൻ എന്നിവയുടെ സഹകരണം, ഐടി വ്യവസായവും കേരളത്തിൻറെ സാധ്യതകളും, സുസ്ഥിരഉത്തരവാദിത്ത ടൂറിസം വ്യവസായം, മൂല്യവർധനഭക്ഷ്യസംസ്ക്കരണത്തിലൂടെ കാർഷികഭക്ഷ്യമേഖലകളുടെ വികസനം, ബാങ്കിംഗ്ഫിൻടെക് ഡിജിറ്റൽ ഇനോവേഷൻ, മെഡിക്കൽ ഡിവൈസ് ഹബ്കേരളം ഉത്തമ മാതൃക,വ്യവസായകുതിപ്പിന് ഐടി അടിസ്ഥാനസൗകര്യം,ഇനോവേറ്റിംഗ് ഫ്യൂച്ചർ ട്രാൻസ്ഫോമിംഗ് ഇലക്ട്രോണിക്സ് സിസ്റ്റംസ് ആൻഡ് എൻജിനീയറിംഗ്, റിയൽ എസ്റ്റേറ്റ് മേഖല, ചില്ലറ വിൽപന മേഖലയിലെ അവസരങ്ങൾ എന്നീ വിഷയങ്ങളിൽ പാനൽ ചർച്ചകൾ നടക്കും. ജർമ്മനി, നോർവേ, വിയറ്റ്നാം എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധി സംഘവുമായും,ഫ്രാൻസ്, മലേഷ്യ എന്നിവിടങ്ങളിലെ പ്രതിനിധികളുമായി ബിടുബി കൂടിക്കാഴ്ചകളുമുണ്ടാകും. പ്രമോദ് പയ്യന്നൂർ ഒരുക്കുന്ന കലാപരിപാടിയടക്കമുള്ള സാംസ്ക്കാരിക സന്ധ്യയും വിനോദ പരിപാടികളുമുണ്ടാകും.പാനൽ ചർച്ചകളിലെ മേഖലകളിൽ നിന്നുള്ള തെരഞ്ഞെടുത്ത കമ്പനികൾ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, 105 പൊതുമേഖലയിലെ കരകൗശല സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവയുടെ പ്രദർശനവും ഉച്ചകോടിയിലുണ്ടാകും.ഉന്നത സർക്കാർ ഉദ്യോഗസ്ഥർ, ആഗോളതലത്തിലുള്ള ബിസിനസ് നയകർത്താക്കൾ, തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും. 28 പ്രത്യേക സെഷനുകൾ, ആറ് രാജ്യങ്ങളുടെ സഹകരണം, 3000 പ്രതിനിധികൾ, തുടങ്ങിയവ ദ്വിദിന ഉച്ചകോടിയുടെ ആകർഷണങ്ങളാണ്.

## സൗജന്യ ശസ്ത്രക്രിയ ക്യാമ്പ് 23ന്

**കൊച്ചി:** പൊള്ളലേറ്റ് ഗുരുതര പരിക്കേറ്റവർക്കും വൈകല്യങ്ങൾ സംഭവിച്ചവർക്കും സൗജന്യ പ്ലാസ്റ്റിക് സർജറിക്ക് അവസരം. ഫെബ്രുവരി 23 ഞായറാഴ്ച കോതമംഗലം പീസ് വാലിയിലാണ് ക്യാമ്പ്.കോയമ്പത്തൂർ ഗംഗ ആശുപത്രിയിലെ വിദഗ്ദ ഡോക്ടർമാർ ശസ്ത്രക്രിയ നിർണയം നടത്തും. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കോയമ്പത്തൂർ ഗംഗ ആശുപത്രിയിൽ സൗജന്യമായി ശസ്ത്രക്രിയ നടത്തും.റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ നൈറ്റ്സ്, റോട്ടറി ക്ലബ് കോയമ്പത്തൂർ മെട്രോപോളിസ്, ഗംഗ ഹോസ്പിറ്റൽ കോയമ്പത്തൂർ, പീസ് വാലി ഫൗണ്ടേഷൻ എന്നിവരാണ് ക്യാമ്പിന്റെ സംഘാടകർ.കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 9188521782, 9847437272 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## വാക് ഇൻ ഇന്റർവ്യൂ

**തിരുവനന്തപുരം:** നാഷണൽ ആയുഷ് മിഷൻ, തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളിലേക്ക് മൾട്ടിപർപ്പസ് വർക്കർ തസ്തികയിലേക്ക് മാർച്ച് 11ന് രാവിലെ 10 മണിക്ക് ഡി.പി.എം.എസ്.യു നാഷണൽ ആയുഷ് മിഷൻ, 5 ാം നില, ആരോഗ്യ ഭവൻ ബിൽഡിങ്, തിരുവനന്തപുരത്ത് വച്ച് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം തിരുവനന്തപുരം ആയുർവേദ കോളേജിന് സമീപമുള്ള ആരോഗ്യഭവൻ ബിൽഡിങ്ങിൽ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രോഗ്രാം മാനേജരുടെ ഓഫീസിൽ (നാഷണൽ ആയുഷ് മിഷൻ) നേരിട്ടോ തപാൽ മുഖേനയോ അപേക്ഷിക്കണം. വിശദവിവരങ്ങൾക്ക്: www.nam.kerala.gov.in .

# അമൃത ആശുപത്രിയിൽ 'ഹോസ്പിറ്റൽ ക്ലൗണിങ്'




**കൊച്ചി :** ചികിത്സയിൽ കഴിയുന്നവരുടെ മാനസിക സമ്മർദ്ദം  ലഘൂകരിക്കാനും അവർക്ക് സാന്ത്വനവും വിനോദവും നൽകുവാനുമായി യൂറോപ്യൻ രാജ്യങ്ങളിൽ പ്രചാരത്തിലുള്ള ഹാസ്യ കലാരൂപമായ 'ഹോസ്പിറ്റൽ ക്ലൗണിങ്' അമൃത ആശുപത്രിയിൽ അരങ്ങേറി.ഫ്രാൻസിൽ നിന്നുള്ള ക്ലൗണിങ് കലാകാരന്മാരായ  പിന ബ്ലാങ്കഫോർട്ട്, ബ്രൂണോ ക്രിയസ്, എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ അവതരണം രോഗികൾക്കും സന്ദർശകർക്കും വേറിട്ട അനുഭവമായി. ഫ്രാൻസിലെ പ്രൊഫഷണൽ ക്ലൗണിങ് സംഘടനയിൽ അംഗമായ പിന 2016 ലാണ് അമൃത ആശുപത്രിയിൽ ആദ്യമായി ഹോസ്പിറ്റൽ ക്ലൗണിങ് അവതരിപ്പിച്ചത്.ഇത് നാലാം തവണയാണ് പിനയും സംഘവും കേരളത്തിൽ എത്തുന്നത്.  അമൃത ആശുപത്രിയിലെ കുട്ടികളുടെ വാർഡുകളും ഓ.പി വിഭാഗങ്ങളുമാണ് ക്ലൗണിങിന്റെ പ്രധാന വേദി.ഈ വ്യത്യസ്ത കലാരൂപത്തെ അടുത്തറിയാനും പരിശീലനം നേടാനും ഏതാനും മലയാളി കലാകാരന്മാരും ഒപ്പമുണ്ട്. ദിനാചരണത്തിന്റെ ഭാഗമായി ബാല്യകാല അർബുദത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനായി മെഡിക്കൽ വിദ്യാർഥികളുടെയും പാരാമെഡിക്കൽ അംഗങ്ങളുടെയും നേതൃത്വത്തിൽ ഫ്ളാഷ് മോബും സംഘടിപ്പിച്ചു.അമൃത ആശുപത്രിയിലെ ഹെമറ്റോളജി, മെഡിക്കൽ ഓങ്കോളജി വിഭാഗങ്ങളുടെ നേതൃത്വത്തിലാണ് ഇന്റർനാഷണൽ ചൈൽഡ്ഹുഡ് കാൻസർ ദിനം ആഘോഷം സംഘടിപ്പിച്ചത്.  അമൃത ആശുപത്രി അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ. ബീന കെ.വി, ഹെമറ്റോളജി വിഭാഗം മേധാവി ഡോ. നീരജ് സിദ്ധാർത്ഥൻ, ഡോ. സൗരഭ് രാധാകൃഷ്ണൻ, ഡോ. ഉണ്ണികൃഷ്ണൻ, ഡോ. രാകേഷ് എം, ഡോ. മനോജ് ഉണ്ണി, ഡോ. രഹന, ഡോ. രമാ ജി , ഡോ. ഗായത്രി എസ് എന്നിവർ നേതൃത്വം നൽകി.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com